
MAY 2022 Vol. 8 Issue 86 THE FIRST ADVERTISING & MARKETING MAGAZINE IN MALAYALAM Price: ₹50/-

# ഇഫെക്ടീവ് ആഡ്കോം EFFECTIVE ADCOM

INSIDE OUTSIDE
AD WORLD

THE WORLD OF
EFFECTIVE
COMMUNICATION




## അഴകുള്ള മെഴുകുപ്രതിമകളുമായി സുനിൽ

## ബ്രാൻഡിംഗ് എന്ന പ്രതിഭാസം

## കാർട്ടൂണുകളും കാരികേച്ചറുകളുമായി നാരായണൻ തേവന്നൂർ

## മാത്യൂസ് ചരിത്രം രചിച്ച ചിത്രകഥാകാരൻ

BRANDING • MODEL WATCH • MARKETING • CONCEPT SHOOT



# MOST TRUSTED OET EXAM COACHING CENTRE







The expert and perfect guidance offered for

**NCLEX - RN & PROMETRIC EXAMS**

Specially designed courses for

# OET 2.0 • RN-USA
# NNAS (Canada)

- Online Coaching available
- New Batch starts on every Monday
- Registration assistance for all Exams
- Most Trusted agency for NCLEX-RN Registration

Admission Helpline
**0481 - 2300396 / 380**
**99468 59475**

Application assistance to all Nursing Boards in U.S.A

## CHAZ ACADEMY

Arafa Tower, V th Floor, Near SBI Branch, Thirunakkara, Kottayam-1
Email: chazacademykottayam@gmail.com, chaz_ktm@yahoo.com
www.chazusa.in

# ഇനി ഓൺലൈനിലൂടെ മാത്രമല്ല ഫോണിലൂടെയും
# ഹോസ്പിറ്റൽ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാം

2016 ജൂലൈ ഒന്നിനാണ് (ദേശീയ ഡോക്ടേഴ്സ് ദിനം) ക്വിക് ഡോക് ഡോട് കോം കേരള ജനതയ്ക്കായി സമർപ്പിച്ചത്.

ഹോസ്പിറ്റലുകളുടെയും ക്ലിനിക്കുകളുടെയും അപ്പോയ്ന്റ്മെന്റ് ബുക്കുചെയ്യാൻ സഹായിക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനാണ് ക്വിക്ഡോക്ഡോട്കോം.ഇപ്പോൾ 142 ആശുപത്രികളിലും 113 ക്ലിനിക്കുകളിലുമായി കേരളത്തിലെ വിദഗ്ധരായ 2743 ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. നിങ്ങളുടെ റജിസ്ട്രേഷനിലൂടെ നിങ്ങളുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ അപ്പോയിന്റ്മെന്റ് എടുക്കാം.

ഒരു മാസം മുമ്പു മുതൽ അപ്പോയിന്റ്മെന്റുകൾ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണി വരെ അതത് ദിവസത്തെ ഏറ്റവും അടുത്ത ടോക്കണുകൾ ലഭിക്കും. അതുപോലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഏത് ആശുപത്രിയിലുണ്ട് എന്നും ഏതൊക്കെ ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങൾ ഉണ്ട് എന്നും അറിയാം.

നിങ്ങൾ എടുക്കുന്ന അപ്പോയിന്റ്മെന്റുകൾ സ്ഥിരീകരിക്കാനായി qkdoc.com കസ്റ്റമർ കെയർ ടീം നിങ്ങളെ സഹായിക്കും. അതുപോലെ ഏതു സമയത്ത് ചെല്ലണമെന്നും നിർദേശം തരും. കൂടാതെ പൊതുജനങ്ങൾക്കായി സൗജന്യ രോഗനിർണയ ക്യാംപുകളും ആരോഗ്യ സെമിനാറുകളും ആശുപത്രികളുമായി സഹകരിച്ച് നടത്തുന്നുണ്ട്.


## അപ്പോയിന്റ്മെന്റ് എടുക്കുവാൻ 2 വഴികൾ

**ഓപ്ഷൻ 1** *A)* qkdoc.com വെബ്സൈറ്റ് അല്ലെങ്കിൽ qkdoc ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് റജിസ്റ്റർ ചെയ്യുക B) വേണ്ട ആശുപത്രി/ക്ലിനിക്/ഡോക്ടർ/ സ്പെഷലൈസേഷൻ സേർച്ച് ചെയ്യുക C) ലഭ്യമായ ടോക്കണുകൾ നേടുക D) റജിസ്ട്രേഷനിലൂടെ നിങ്ങൾക്കോ, സുഹൃത്തുക്കൾക്കോ, ബന്ധുക്കൾക്കോ, ടോക്കണുകൾ നേടാം. അതിനായി Book for another parent ക്ലിക്കു ചെയ്ത് മുൻപോട്ട് പോകുക.

**ഓപ്ഷൻ 2** *A)* അപ്പോയിന്റ്മെന്റുകൾ എടുക്കാനായി 7012612323 (24 x 7) (ഞായറാഴ്ചകളിലും) 8943927714, 0481-2587421 / 422 (രാവിലെ ഒമ്പതു മുതൽ വൈകിട്ട് 6 വരെ) നമ്പരുകളിലേക്ക് വിളിക്കാം B) നിങ്ങൾക്ക് ആവശ്യമായ ആശുപത്രി / ക്ലിനിക്ക് / ഡോക്ടർ എന്നീ വിവരങ്ങൾ പറയുക C) നിങ്ങളുടെ ഫോണിൽ വരുന്ന എസ്എംഎസ്ൽ നിന്നും ഒടിപി നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു.

# ഡോക്ടറുടെ
## അപ്പോയ്ന്റ്മെന്റിനായി
# വിളിക്കുക

**7012612323 (24x7)**
**0481 2587421 / 422**
(9 am to 6pm)




**ആശുപത്രികളും ക്ലിനിക്കുകളും qkdoc.com ൽ റജിസ്റ്റർ ചെയ്യുവാനായി വിളിക്കുക : 8086137088, 9447732525**


- വിളിക്കുക 7012612323 (24x7) 0481 2587421/422 (9 am to 6pm)
- നിങ്ങളുടെ ആശുപത്രി/ക്ലിനിക്/ഡോക്ടർ എന്നീ വിവരങ്ങൾ പറയുക
- നിങ്ങൾക്കു വരുന്ന SMS ലെ OTP നമ്പർ പറഞ്ഞുകൊടുക്കുമ്പോൾ ലഭ്യമായ ടോക്കണുകൾ നൽകുന്നു

മലയാള മനോരമ

QKDOC.com
Doctor appointments made easy
Powered by manoramaonline

# ഉള്ളടക്കം


Vol. 8 | Issue 86 | May 2022












6 ബ്രാൻഡിംഗ് എന്ന പ്രതിഭാസം – ഭാഗം 18

10 അഴകുള്ള മെഴുകുപ്രതിമകളുമായി സുനിൽ

12 MODEL WATCH

24 CONCEPT SHOOT

30 മാത്യൂസ് ചരിത്രം രചിച്ച ചിത്രകഥാകാരൻ

34 കാർട്ടൂണുകളും കാരികേച്ചറുകളുമായി നാരായണൻ തേവന്നൂർ

37 FILM NEWS

38 EDITORIALS OF THE MONTH

41 NEWS & EVENTS

44 FUN ROOM


Images Courtesy: Google

ഇഫെക്ടീവ് ആഡ്കോം eFFECTIVE
ADCOM
Advertising is Communication. Marketing is destination
The First Advertising & Marketing Magazine in Malayalam

Chief Editor
**Mathew K. Mulamoottil**

Associate Editor
**Batten Bose**

Advisory Board
**Thekkinkadu Joseph**
**Prof. Josy Joseph**
**Joshy George**
**Somie**
**Janeesh Jajikalayam**

Marketing & Circulation Co-ordinator
**Vilsu Mathew**
Ph: 9744993356

Layout / Illustration
Adart Designing

Marketing Offices:
**Effective Publications**
Mughal Palace Bldg, Collectorate P.O.
Kottayam - 2 , Kerala, India.
Ph: 08593 998705, 0481 2561791
e-mail: effectiveadcom@gmail.com

Regd. Office:
Mulamoottil Bldg., Cathedral Road
Manorama (S), Kottayam - 1, Kerala, India

Can read @
FeederFOX
www.feederfox.com
MAGZTER
DIGITAL MAGAZINE STORE
TAP · READ · ENJOY

effectiveadcom/posts 09846057461
/effective.adcom.14 /effective_adcom
www.effectiveadcom.com

# EDITORIAL

## തമ്മിൽ ഭേദം ആര്?

എല്ലാ മാധ്യമ സ്ഥാപനങ്ങളും വിവിധ കാരണങ്ങളാൽ പ്രതിസന്ധികളെ നേരിടുന്നുണ്ട്. ഭീമമായ വിലക്കയറ്റം ഒരു കാരണമാണ്. കൊറോണയുടെ ആക്രമണത്തിൽ നിന്നും നേരിയ തോതിൽ നില മെച്ചപ്പെട്ടു വരുന്നതിനിടയിലാണ് വിലക്കയറ്റം എന്ന ഭൂതം ഭീമാകാരനായി ഭയപ്പെടുത്തുന്നത്. പത്രക്കടലാസിന്റെ അമിതമായ വിലവർദ്ധന കാരണം മിക്ക പ്രസിദ്ധീകരണങ്ങളും കോപ്പികളും പേജുകളും കുറച്ചുകൊണ്ട് പിടിച്ചു നിൽക്കാൻ ശ്രമിക്കുകയാണ്.

ഇത്തരം സാഹചര്യങ്ങളെല്ലാം നിലനിൽക്കുമ്പോഴും മാധ്യമങ്ങൾ മറക്കുവാൻ പാടില്ലാത്ത ഒരു വസ്തുതയുണ്ട്, അതു മാധ്യമധർമ്മമാണ്. സമൂഹത്തോട് പ്രതിബദ്ധതയുണ്ടാകുക എന്നത് ഒഴിവാക്കാനാവില്ല. പറഞ്ഞു വരുന്നത് സമൂഹത്തെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന ചില പരസ്യങ്ങളെപ്പറ്റിയാണ്. അവയിൽ ഏറ്റവും ദോഷകരമായി ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് അപകടകരമായ ഗെയിമുകളെ പ്രചരിപ്പിക്കുന്ന പരസ്യങ്ങൾ. പ്രത്യേകിച്ച് റമ്മികളി. ഇതിന്റെ പരസ്യത്തിൽ ആകൃഷ്ടരായി സാമ്പത്തികമായും മാനസ്സികമായും തകർന്നുപോയ ധാരാളം ആളുകളുടെ കഥകൾ നാം കാണുന്നുണ്ട്. ആ തകർച്ചയുടെ ഫലമായി പലരും ആത്മഹത്യ ചെയ്യുകയോ ഡിപ്രഷനിലാകുകയോ ചെയ്യുന്നു. അപകടാവസ്ഥയെ തിരിച്ചറിയാനാവാത്ത കുട്ടികൾ മാത്രമല്ല മുതിർന്നവർപോലും ഇത്തരം ഗെയിമുകൾക്ക് അടിമകളാകുന്നുണ്ട്. ഇതെല്ലാമറിയാമായിട്ടും പല മാധ്യമങ്ങളും ഇത്തരം പരസ്യങ്ങളെ നിരുത്സാഹപ്പെടുത്തുന്നില്ല എന്നത് തികച്ചും ഖേദകരവും പ്രതിഷേധാർഹവുമാണ്. ഇവയെ നിയന്ത്രിക്കേണ്ട സർക്കാരുകൾക്കും ഇതൊന്നും അറിഞ്ഞതായ ഭാവമേയില്ല. ഓൺലൈൻ ഗെയിമുകൾക്ക് നികുതി ഏർപ്പെടുത്തിയിരിക്കുന്ന സർക്കാരുകളെപ്പറ്റി എന്തു പറയാനാണ്. അറവുമാടുകളെപ്പോലെ പൗരന്മാരുടെ ജീവൻ വിറ്റും പണമുണ്ടാക്കുന്ന കശാപ്പുശാലക്കു സമം. നിലവിലുള്ള നികുതി വീണ്ടും വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതായും അറിയുന്നു. പിന്നെ മാധ്യമങ്ങളെ പറഞ്ഞിട്ടെന്ത്? എങ്കിലും തമ്മിൽ ഭേദം ആരായിരിക്കണമെന്ന് മാധ്യമങ്ങളെങ്കിലും ചിന്തിക്കുക.

ഈ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സൂപ്പർസ്റ്റാറുകൾക്കും ഇതു തിരിച്ചിറിയുവാനോ ഇതിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാനോ തോന്നിയിട്ടില്ല. എല്ലാവർക്കും പണം മാത്രമാണ് പ്രധാനം. ആരെല്ലാം നശിച്ചാലെന്ത്, ആരെല്ലാം മരിച്ചലെന്ത് ?

**ചീഫ് എഡിറ്റർ**

All rights reserved. Views exposed by the writers are not necessarily those of the effective publications or the editor or the publisher and they accept no responsibility for them. All objections, disputes, differences, claims & proceedings are subject to Kottayam jurisdiction.




# 'ബ്രാൻഡിംഗ്' എന്ന പ്രതിഭാസം


**ഭാഗം-18**

ഏതൊരു ബിസിനസ്സിന്റെയും ജയപരാജയങ്ങൾ തീരുമാനിക്കുന്നത് ആ സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് ശേഷിക്കനുസരിച്ചായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ബ്രാൻഡിന്റെ 'ഹൃദയ'മാണ് മാർക്കറ്റിംഗ്. ഹൃദയം നിലച്ചാൽ എന്തു സംഭവിക്കുമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

## മാർക്കറ്റിംഗ്

മാർക്കറ്റിൽ ബിസിനസ്സ് ചെയ്യുന്നത് ബിസിനസ്സുകാരാണെങ്കിലും യഥാർത്ഥത്തിൽ മാർക്കറ്റിനെ നിയന്ത്രിക്കുന്നത് ഉപഭോക്താക്കളാണ്. ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഭിരുചികളും വളരെവേഗം മാറ്റപ്പെട്ടുകൊണ്ടിരിക്കും. അതിനെ കണ്ടറിഞ്ഞ് മാർക്കറ്റിംഗ് തന്ത്രങ്ങളിൽ മെച്ചപ്പെടുത്തൽ നടത്തുവാൻ കഴിയുന്നവർക്കുമാത്രമേ മത്സരാധിഷ്ഠിതമായ ഈ മേഖലയിൽ വിജയം കൈവരിക്കാനാകുകയുള്ളൂ. ഏതെല്ലാം ഉൽപ്പന്നങ്ങളും സേവനങ്ങളും മാർക്കറ്റിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിക്കുവാൻ ഉപഭോക്തൃചേഷ്ടാ വിശകലനം (market research and analysis) ഒരു തുടർ പ്രക്രിയയായി സംഭവിച്ചുകൊണ്ടേയിരിക്കേണ്ടതാണ്. ഏതൊരു ബിസിനസ്സിന്റെയും ജയപരാജയങ്ങൾ തീരുമാനിക്കുന്നത് ആ സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് ശേഷിക്കനുസരിച്ചായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ബ്രാൻഡിന്റെ 'ഹൃദയ'മാണ് മാർക്കറ്റിംഗ്. ഹൃദയം നിലച്ചാൽ എന്തു സംഭവിക്കുമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

മത്സരാധിഷ്ഠിതമായ മാർക്കറ്റിൽ നിന്ന് ഏതു ഉൽപ്പന്നം വാങ്ങണമെന്ന് തീരുമാനിക്കുന്നതുപോലെ തന്നെ




ഏതുൽപ്പന്നം വാങ്ങരുത് എന്നു തീരുമാനിക്കുവാനും ഉപഭോക്താവിന് സ്വാതന്ത്ര്യമുണ്ട്. ഇത്തരം സാഹചര്യത്തിൽ ഉപഭോക്താവിനെ സ്വാധീനിക്കുവാനുള്ള എല്ലാ മാർക്കറ്റിംഗ് തന്ത്രങ്ങളും കമ്പനിക്ക് സ്വീകരിക്കേണ്ടി വരും.

വിപണിയിലെ സൂക്ഷ്മപരിശോധനയിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ മൂല്യമുള്ള ഉൽപ്പന്നങ്ങളേയോ സേവനങ്ങളെയോ ആക്കി ലക്ഷ്യ വിപണിയിൽ യഥാസമയം എത്തിക്കുകയും അതുവഴി ഉപഭോക്താക്കളുടെ ആവശ്യങ്ങളേയും അഭിരുചികളെയും തൃപ്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് 'മാർക്കറ്റിംഗ്' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്.

(Marketing is the process of exploring, creating and delivering value to meet the needs of target market in terms of goods and services)

## മാർക്കറ്റിംഗിലെ ബാലപാഠങ്ങൾ

വിജയകരമായ മാർക്കറ്റിംഗ് പ്രാവർത്തികമാക്കുന്നതിനായി ധാരാളം കാര്യങ്ങൾ ശ്രദ്ധിക്കുകയും പഠിക്കുകയും ചെയ്യേണ്ടതാണ്.

* ബ്രാൻഡ് ലക്ഷ്യം വയ്ക്കുന്ന വിപണി കണ്ടെത്തുക ( selection of target market)

* ടി ബ്രാൻഡ് ഉൽപ്പന്നങ്ങൾ ആവശ്യമുള്ള ഉപഭോക്താക്കളെ കണ്ടെത്തുക (selection of target audience/ customers)

* ടി ഉപഭോക്താക്കളെ ആകർഷിക്കുവാനുള്ള പരസ്യങ്ങൾക്കാവശ്യമായ ആശയങ്ങളും ഉൽപ്പന്നത്തിന്റെ ഗുണവിശേഷങ്ങളും ആവിഷ്ക്കരിക്കുക. (Selection of themes or certain attributes and activities to emphasise in advertising)

> മത്സരാധിഷ്ഠിതമായ മാർക്കറ്റിൽ നിന്ന് ഏതു ഉൽപന്നം വാങ്ങണമെന്ന് തീരുമാനിക്കുന്നതുപോലെ തന്നെ ഏതുൽപന്നം വാങ്ങരുത് എന്നു തീരുമാനിക്കുവാനും ഉപഭോക്താവിന് സ്വാതന്ത്ര്യമുണ്ട്. ഇത്തരം സാഹചര്യത്തിൽ ഉപഭോക്താവിനെ സ്വാധീനിക്കുവാനുള്ള എല്ലാ മാർക്കറ്റിംഗ് തന്ത്രങ്ങളും കമ്പനിക്ക് സ്വീകരിക്കേണ്ടി വരും.

* ഫലവത്തായ പരസ്യ കാമ്പയിനുകൾ പ്രാവർത്തികമാക്കുക (Operation of effective advertising compaigns)


* പൊതു പ്രദർശന പരിപാടികളിലും വ്യാപാര പ്രദർശനങ്ങളിലും പങ്കാളിയാകുക. (Attendance in trade shows and public events)

* ഉപഭോക്താക്കളെ ആകർഷിക്കുന്ന രീതിയിലുള്ള ഉൽപ്പന്ന നിർമ്മിതിയിലും പാക്കേജിംഗിലും ശ്രദ്ധിക്കുക. (Design of products and packaging attractive to customers)

* വില, ഡിസ്കൗണ്ട്, വാറണ്ടി, തിരിച്ചെടുക്കൽ നയങ്ങൾ എന്നീ വ്യാപാര നിബന്ധനകളിൽ വ്യക്തതയുണ്ടാക്കുക. (Defining terms of sale such as price, discounts, warrenty, return policy etc.)

## മാർക്കറ്റിംഗ് മിക്സ്

മാർക്കറ്റിംഗ് വിദ്യാർത്ഥികൾക്കായി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധാരാളം നിർവചനങ്ങളും സൂചികകളുമുണ്ട്. ഇതിൽ പ്രധാനം 'സെവൻ പീസ്' (Seven P s) എന്നറിയപ്പെടുന്നു. Product, Price, Place, Promotion, Packaging, Positioning, People എന്നിവയാണ്. ഇവയെ മാർക്കറ്റിംഗ് മിക്സ് എന്നും അറിയപ്പെടുന്നു.




വിദ്യാഭ്യാസ യോഗ്യതകളും സർട്ടിഫിക്കറ്റുകളും നേടുവാൻ ഇത്തരം സൂചികകളും നിർവചനങ്ങളും പഠിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ പ്രായോഗിക കച്ചവടത്തിന് വേണ്ടത് സാമാന്യ ബുദ്ധിയും വിപണിയെ സൂക്ഷ്മമായി വിലയിരുത്തുവാനുള്ള ശേഷിയുമാണെന്ന് നമുക്കറിയാം (Common sense and observation).

ഉൽപ്പന്നം (Product), അതിന്റെ വില (Price), അതു വിൽക്കുവാനുള്ള വിപണി (Place), ഉപഭോക്താക്കളെ ആകർഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമങ്ങൾ (Promotion), ആകർഷകമായ അവതരണം (Packaging), ഏതു നിലയിൽ ഉൽപ്പന്നത്തെ ആവതരിപ്പിക്കണമെന്ന് തീരുമാനിക്കൽ (Positioning), ഉൽപ്പന്നങ്ങൾ വിൽക്കുവാനും വാങ്ങുവാനുമുള്ള അളുകൾ (People) എന്നിവയാണ് ഏഴു 'പീ' കൾ എന്നു പറയുന്നത്.

ഈ സൂചികകളുടെ കൃത്യമായ സങ്കലനം (Right combination of marketing mix) കണ്ടെത്താനായാൽ ഒരു ബ്രാൻഡ് അതിന്റെ ലക്ഷ്യത്തിലേക്കുള്ള ശരിയായ പാതയിലാണെന്നു പറയാം.

മാർക്കറ്റിൽ വിദ്യാഭ്യാസ യോഗ്യതകളും സർട്ടിഫിക്കറ്റുകളും നേടുവാൻ ഇത്തരം സൂചികകളും നിർവചനങ്ങളും പഠിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ പ്രായോഗിക കച്ചവടത്തിന് വേണ്ടത് സാമാന്യ ബുദ്ധിയും വിപണിയെ സൂക്ഷ്മമായി വിലയിരുത്തുവാനുള്ള ശേഷിയുമാണെന്ന് നമുക്കറിയാം (Common sense and observation).

## വിവിധതരം മാർക്കറ്റിംഗുകൾ

**(Different types of marketing)**

ഉപഭോക്താക്കളെ കണ്ടെത്തുക, അവരുടെ ആവശ്യങ്ങളെ മനസ്സിലാക്കുക, അഭിരുചികളിൽ വന്നേക്കാവുന്ന മാറ്റങ്ങളെ മുൻകൂർ കണ്ടറിയുക, അവയെ തൃപ്തിപ്പെടുത്തുക എന്നിവയാണ് മാർക്കറ്റിംഗിന്റെ മർമ്മം എന്നു പറയുന്നത്. ആധുനിക കാലത്ത് മാർക്കറ്റിംഗിനെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

B2B Marketing (ബിസിനസ് ടു ബിസിനസ്)

B2C Marketing (ബിസിനസ് ടു കസ്റ്റമർ)

C2B Marketing (കസ്റ്റമർ ടു ബിസിനസ്)

C2C Marketing (കസ്റ്റമർ ടു കസ്റ്റമർ) എന്നിവ

## B 2 B Marketing

### (ബിസിനസ് ടു ബിസിനസ് മാർക്കറ്റിംഗ്)

ഒരു ബിസിനസ് നടത്തുന്നതിനാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന വിപണനത്തെയാണ് ബിസിനസ് ടു ബിസിനസ് മാർക്കറ്റിംഗ് എന്നു പറയുന്നത്.

ഉദാഹരണം: ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ യന്ത്ര സാമഗ്രികൾ. അസംസ്കൃത വസ്തുക്കൾ, അഡ്വർടൈസിംഗ് സേവനങ്ങൾ, നിയമ സഹായ സേവനങ്ങൾ തുടങ്ങി നിരവധി ഘടകങ്ങൾ ബിസിനസ്സിൽ ഉൾപ്പെട്ടിട്ടുണ്ടല്ലോ. ഇവയെ വിവിധ കമ്പനികൾക്കു നൽകുന്ന പ്രക്രിയ ബിസിനസ് ടു ബിസിനസ് മാർക്കറ്റിംഗിൽ ഉൾപ്പെടുന്നു.

## B 2 C Marketing

### (ബിസിനസ്സ് ടു കസ്റ്റമർ മാർക്കറ്റിംഗ്)

വിപണിയിൽ നാം ഏറ്റവും കൂടുതൽ കാണുന്നത് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വിപണനം ചെയ്യുന്ന പ്രക്രിയയാണ്. ഇതിനെ B2C മാർക്കറ്റിംഗ് എന്നു പറയുന്നു. ഇത് പ്രധാനമായും വ്യക്തിഗത ഇടപാടുകളായിരിക്കും.

## C 2 B Marketing

### (കസ്റ്റമർ ടു ബിസിനസ്സ് മാർക്കറ്റിംഗ്)

ആധുനിക കാലത്ത് ഉരുത്തിരിഞ്ഞു വന്ന ഒരു ആശയമാണ് C2B മാർക്കറ്റിംഗ്. ഒരു കസ്റ്റമർ ബിസിനസ് സ്ഥാപനത്തെ പ്രോത്സാഹിപ്പിക്കുകയും വളരുവാൻ സഹായിക്കുകയും ചെയ്യുന്ന മാർക്കറ്റിംഗ് തന്ത്രമാണിത്.

ഉദാ: ഒരു ബ്ലോഗർ/വ്ളോഗർ താൻ ഉപയോഗിച്ച ഉൽപ്പന്നങ്ങളെപ്പറ്റിയും അതിന്റെ ഗുണഗണങ്ങളെപ്പറ്റിയും പുകഴ്ത്തി പറയുകയും തന്റെ വീഡിയോയിലും ലേഖനങ്ങളിലും ആ കമ്പനിയുടെ ലിങ്കും മറ്റും ചേർത്ത് പരസ്യപ്പെടുത്തുന്നതും C2B മാർക്കറ്റിംഗിന്റെ ഭാഗമായി പരിഗണിക്കപ്പെടുന്നു.

## C 2 C Marketing

### (കസ്റ്റമർ ടു കസ്റ്റമർ മാർക്കറ്റിംഗ്)

ഇത് പ്രധാനമായും നടക്കുന്നത് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലാണ്. ഇവിടെ പല ഉൽപ്പന്നങ്ങളും ഒരു കസ്റ്റമർ വാങ്ങി മറ്റു ഉപഭോക്താക്കൾക്കു വിൽക്കുന്നു. ഒരു ഉൽപ്പന്നം വാങ്ങി ഏതാനും ദിവസം ഉപയോഗിച്ച ശേഷം മറ്റൊരു വ്യക്തിക്കു വിൽക്കുന്നതും C2C മാർക്കറ്റിംഗായി കണക്കാക്കപ്പെടുന്നു.

e- commerce, amazon, OLX എന്നീ പ്ലാറ്റ്ഫോമുകൾ മികച്ച ഉദാഹരണങ്ങളാണ്. ●

(തുടരും)



ഇഫെക്ടീവ് ആഡ്കോം EFFECTIVE

# ADCOM

മലയാളത്തിലെ ആദ്യത്തെ അഡ്വർട്ടൈസിംഗ് & മാർക്കറ്റിംഗ് മാസിക

Share your photograph on instagram with tag #letssmileadcom & #effectiveadcommagazine Photographs of selected models will be published in modeling page of Effective Adcom.

You can also mail your photographs and contact details to us:

#letssmileadcom

effectiveadcom@gmail.com

Ph: 08593 998705


effectiveadcom effective-adcom











സുനിൽ

# അഴകുള്ള മെഴുകുപ്രതിമകളുമായി സുനിൽ

സിമന്റിലും മറ്റും ചെയ്യുന്ന വൻ പ്രതിമകൾ പ്രതിമകളായി തന്നെയേ എല്ലാവർക്കും തോന്നുകയുള്ളൂ. ഒരു പ്രതിമ ഉണ്ടാക്കിയാൽ അത് ആരുടെ പ്രതിമയാണോ ഉണ്ടാക്കുന്നത് ആ ആളിനെപ്പോലെ തന്നെയിരിക്കണം. മെഴുകു പ്രതിമകൾ മാത്രമേ യഥാർത്ഥ ആളിനെപോലെ മറ്റുള്ളവർക്ക് തോന്നുകയുള്ളു.

മെഴുകു പ്രതിമകളുമായി അൽഭുതം സൃഷ്ടിക്കുകയാണ് സുനിൽ. സുനിലിന്റെ മെഴുകുപ്രതിമകൾ കാണുന്നവർ അത് ഇഷ്ടപ്പെടാതിരിക്കില്ല. ഇൻഡ്യയിലെ മാത്രമല്ല ലോകത്തുള്ള എല്ലാ പ്രശസ്തരുടെയും മെഴുകു പ്രതിമകൾ സുനിൽ നിർമ്മിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കായംകുളത്തിനടുത്തുള്ള പുല്ലുകുളങ്ങര എന്ന സ്ഥലത്താണ് സുനിലിന്റെ വീട്. പുല്ലുകുളങ്ങര ഫ്ലവർബോൺ എന്ന വീട്ടിൽ സുകുമാരന്റെയും സരസ്വതിയുടെയും മകനാണ് സുനിൽ. യു.പി.സ്കൂളിൽ പഠിക്കുന്ന കാലത്തു തന്നെ സുനിൽ നന്നായി ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. ചിത്രരചനയോട് സുനിലിന് വലിയ താൽപ്പര്യമായിരുന്നു. വിദ്യാഭ്യാസം പൂർത്തിയായിക്കഴിഞ്ഞപ്പോൾ കൊല്ലം മാധവ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ടിൽ പഠിച്ച് കെ.ജി.റ്റി.ഡിപ്ലോമ പാസ്സായി.

ചിത്രരചന പഠിച്ചു കൊണ്ടിരുന്നപ്പോൾ ശില്പ നിർമ്മാണത്തിലും സുനിലിന് താൽപ്പര്യമുണ്ടായിരുന്നു. ചിത്രരചന പാസ്സായിക്കഴിഞ്ഞപ്പോൾ ശില്പനിർമ്മാണത്തെക്കുറിച്ച് സുനിൽ കൂടുതൽ അന്വേഷണം നടത്തി. ഇവിടെയുള്ള ശില്പികളുടെ ശില്പങ്ങൾ എല്ലാം സുനിലിന് വലിയ ഇഷ്ടമാണ്. എന്നാൽ സുനിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത് മെഴുകു പ്രതിമകൾ ആണ്. മെഴുകുപ്രതിമകൾ യഥാർത്ഥ ആളിനെപ്പോലെ തന്നെയിരിക്കും. സിമന്റിലും മറ്റും ചെയ്യുന്ന വൻ പ്രതിമകൾ പ്രതിമകളായി തന്നെയേ എല്ലാവർക്കും തോന്നുകയുള്ളു. ഒരു പ്രതിമ ഉണ്ടാക്കിയാൽ അത് ആരുടെ പ്രതിമയാണോ ഉണ്ടാക്കുന്നത് ആ ആളിനെപ്പോലെ തന്നെയിരിക്കണം. മെഴുകു പ്രതിമകൾ മാത്രമേ യഥാർത്ഥ ആളിനെപോലെ മറ്റുള്ളവർക്ക് തോന്നുകയുള്ളു. അതുകൊണ്ട് മെഴുകു പ്രതിമയുണ്ടാക്കി പഠിക്കാനായിരുന്നു സുനിലിന് ആഗ്രഹം. വിദേശത്ത് അത്തരം പ്രതിമകൾ നിർമ്മിക്കുന്നുണ്ട് എന്നറിഞ്ഞിട്ട് അവരുമായി മെയിലിൽ ബന്ധപ്പെട്ടു. അവരിൽ നിന്നും മെയിൽ വഴിയാണ് പ്രതിമ നിർമ്മാണ രീതികൾ പഠിച്ചത്. മെഴുക് ഇറാനിൽ നിന്നും വരുത്തിയാണ് ശില്പങ്ങൾ ചെയ്തു പഠിച്ചു തുടങ്ങിയത്.

സിമന്റു കൊണ്ടു പണിയുന്ന ശില്പങ്ങളുടെ തലമുടിയും മീശയും കണ്ണാടിയും വസ്ത്രവും ചെരുപ്പും എല്ലാം സിമന്റു കൊണ്ടാണ് പണിയുന്നത്. സിമന്റു ശില്പങ്ങൾ പണിതീർന്നു കഴിയുമ്പോൾ അത് പ്രതിമയായി തന്നെ മാറും. എന്നാൽ മെഴുകു പ്രതിമകൾ പണിതീർന്നു കഴിയുമ്പോൾ ആരുടെ പ്രതിമയാണോ ചെയ്തത് ആ വ്യക്തി ജീവിച്ചിരിക്കുന്നതുപോലെ തോന്നും. മെഴുകു പ്രതിമയുടെ തലമുടിയും മീശയും താടിയും എല്ലാം യഥാർത്ഥ തലമുടിയും മീശയും താടിയുമൊക്കെ എടുത്ത് പിടിപ്പിക്കുകയാണ് ചെയ്യുന്നത്. പല്ലു കാണിച്ചു കൊണ്ട് ചിരിക്കുന്ന







ആളിന്റെ ശില്പമാണു ചെയ്യുന്നതെങ്കിൽ ഒർജിനൽ പല്ലു പോലെയുള്ള പല്ലും വെച്ചു പിടിപ്പിക്കണം. ആരുടെ പ്രതിമയാണോ ചെയ്യുന്നത് അവർ ധരിച്ചിരിയ്ക്കുന്ന വസ്ത്രങ്ങൾ പോലെയുള്ള വസ്ത്രങ്ങൾ പ്രതിമയേയും ധരിപ്പിക്കണം. അതുപോലെ തന്നെ കണ്ണടയും വാച്ചും ചെരിപ്പുമെല്ലാം ധരിപ്പിക്കണം. ചുരുക്കിപ്പറഞ്ഞാൻ യഥാർത്ഥ ആളിനെപ്പോലെ തന്നെയിരിക്കണം മെഴുകുപ്രതിമ. 2000-ത്തിൽ ആണ് സുനിൽ ആദ്യമായി മെഴുകു പ്രതിമ ഉണ്ടാക്കുന്നത്. ശ്രീകൃഷ്ണണന്റെ അർദ്ധകായ പ്രതിമയായിരുന്നു ആദ്യവർക്ക്.

ശ്രീകൃഷ്ണന്റെ വർക്ക് ചെയ്തു തുടങ്ങിയത് ഒരു വലിയ ഭാഗ്യമായി. എന്റെ ശില്പം കാണാൻ വീട്ടിലേയ്ക്ക് ഒരുപാട് ആൾക്കാർ വന്നു തുടങ്ങി. 2000-ത്തിൽ ഞാൻ മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെ മെഴുകു പ്രതിമ ഉണ്ടാക്കി. ജൂബ്ബായും മുണ്ടും എല്ലാം അദ്ദേഹത്തിന്റെ കയ്യിൽ നിന്നു വാങ്ങി. ആ പ്രതിമ കാണാൻ വീട്ടിൽ ഒരു പാട് ആൾക്കാർ എത്തി. 2000-ത്തിൽ തന്നെ കരുണാകരന്റെ മെഴുകു പ്രതിമ ഓച്ചിറ പരബ്രഹ്മോദയത്തിലെ വൃശ്ചികമാസത്തിലെ 12 വിളക്ക് മഹോത്സവത്തിന് പ്രദർശിപ്പിച്ചു. പ്രദർശനം കണ്ടവരെല്ലാം മുൻ മുഖ്യമന്ത്രിയെ നേരിൽ കണ്ട പ്രതീതിയിലാണ് അവിടെ നിന്ന് തിരിച്ചു പോയത്. മുൻ മുഖ്യമന്ത്രി കരുണാകരനും ആ ശില്പം നേരിട്ടു കണ്ടു വളരെ ഇഷ്ടപ്പെടുകയും ചെയതു.

2005-ൽ സുനിൽസ് വാക്സ് മ്യൂസിയം ആദ്യമായി കന്യാകുമാരിയിൽ തുടങ്ങി. അവിടെ ധാരാളം മെഴുകു പ്രതിമകൾ ഉണ്ടായിരുന്നു. നെഹ്റുവും ഇന്ദിരാഗാന്ധിയും എം.ജി.രാമചന്ദ്രനും ജയലളിതയും അങ്ങനെ ജീവിച്ചിരിക്കുന്നവരും നമ്മെ വിട്ടു പോയവരുമായ നേതാക്കളുടെയും കലാകാരന്മാരുടെയും കലാകാരികളുടെയും മെഴുകു പ്രതിമകൾ കന്യാകുമാരിയിൽ പ്രദർശനത്തിന് നിർമ്മിച്ചു. മോഹൻലാലും മമ്മൂട്ടിയും യേശുദാസും എല്ലാം ഈ മെഴുകു പ്രതിമകളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ ചൈനയുടെ വാക്സ്സ് ആണ് സുനിൽ ഉപയോഗിക്കുന്നത്.

ഇൻഡ്യയുടെ തെക്കേ അറ്റത്തു കിടക്കുന്ന കന്യാകുമാരിയിൽ വരുന്ന ജനങ്ങൾ എല്ലാം വാക്സ് മ്യൂസിയം കണ്ടിട്ടാണ് തിരികെ പോയിട്ടുള്ളത്. നാലു വർഷം വൻവിജയത്തോടെ കന്യാകുമാരിയിൽ പ്രദർശനം നടത്തി, നാലു വർഷം കഴിഞ്ഞപ്പോൾ കന്യാകുമാരിയിലെ പ്രദർശനം നിർത്തി.

2010 മുതൽ വാക്സ് മ്യൂസിയം തുടങ്ങിയത് മഹാരാഷ്ട്ടയിലെ ലോണവാലയിലാണ്. പൂനയിൽ നിന്നും മുബൈയ്ക്കു പോകുമ്പോൾ 100 കിലോമീറ്റർ കഴിയുമ്പോഴാണ് ലോണവാല. ലോണവാലയിൽ നിന്നും മുബൈയ്ക്കും 100 കിലോമീറ്റർ ആണ്. അവിടെ പ്രദർശനത്തിന് 100 മെഴുകു പ്രതിമകൾ വെച്ചിട്ടുണ്ട്. അവിടെ പ്രദർശനം നല്ല രീതിയിൽ നടക്കുന്നു. ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും രവീന്ദ്രനാഥടാഗോറും ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും മുൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾകലാം, സച്ചിൻ ടെൻഡുൽക്കർ തുടങ്ങി രാഷ്ട്രീയത്തിൽ ഇരുന്നവരും ഇപ്പോൾ ഇരിയ്ക്കുന്നവരും കലാരംഗത്തും കായിക രംഗത്തും പ്രവർത്തിക്കുന്നവരുടെയും പ്രവർത്തിച്ചവരുടെയും എല്ലാം കൂടി നൂറോളം വാക്സ് പ്രതിമകൾ അവിടെയുണ്ട്.

2016-ൽ തിരുവനന്തപുരം അനന്തപത്മനാഭസ്വാമി ക്ഷേത്രത്തിനടുത്ത് സുനിൽസ് വാക്സ് മ്യൂസിയം തുടങ്ങിയിട്ടുണ്ട് അതിൽ രവിവർമ്മതമ്പുരാനും ചിത്തിരതിരുനാൾ ബാലരാമവർമ്മയും മഹാത്മാഗാന്ധിയും മോഹൻലാലും എല്ലാം ഉണ്ട്. അടുത്ത കാലത്ത് ഉദ്ഘാടനം നടന്ന ഇ.കെ. നായനാർ മ്യൂസിയത്തിൽ ഇ.കെ.നായനാരുടെയും ഇ.എം.എസ്സിന്റെയും പി.കൃഷ്ണപിള്ളയുടെയും എ.കെ.ജി.യുടെയും എൻ.സി.ശേഖറിന്റെയും കെ.ദാമോദരന്റെയും മെഴുകു പ്രതിമകൾ സുനിൽ ഉണ്ടാക്കി വെച്ചിട്ടുണ്ട്.

മേശപ്പുറത്തിരിക്കുന്ന ഫയലിൽ ഒപ്പുവെക്കുന്ന നായനാരുടെ ശില്പത്തിന് അടുത്ത് ജീവനുള്ള ഭർത്താവിന്റെ അടുത്തു നിൽക്കുന്നതു പോലെ, ഓർമ്മകളുമായി ബഹുമാനിച്ചു നിൽക്കുന്ന ഭാര്യ ശാരദ ടീച്ചറുടെ രൂപം നമുക്ക് മറക്കാൻ സാധിക്കുകയില്ല. ജീവനുള്ള നായനാരും ശാരദ ടീച്ചറും ഒരുമിച്ചു നിൽക്കുന്നതായി തോന്നും. സുനിലിന്റെ ശില്പങ്ങളെക്കുറിച്ച് ഒത്തിരി എഴുതാനുണ്ട്. സുനിൽസ് വാക്സ് മ്യൂസിയം കന്യാകുമാരി മുതൽ കാഷ്മീർ വരെ എല്ലാ സംസ്ഥാനങ്ങളിലും എത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം! ●



**എൽ.രാജശേഖരൻ മുതുകുളം**



**Model code: 331/2022**

Name : **Anchal Anand Agarwal**
Height : 5.10 ft
Vitals : 34-27-37
Interest : Acting & Modeling
Job Track : Movies, TV Shows, Print shoot etc.











**Model code: 332/2022**

Name : **Poonam Sharma**

Height : 5.2 ft

Interest : Acting & Modeling











Model code: 333/2022

| | | |
|---|---|---|
| Name | : | Priya Sindhu |
| Height | : | 5.7 ft |
| Vitals | : | 34-27-36 |
| Interest | : | Acting & Modeling |
| Job Track | : | TV Shows, Serials, Album song etc. |


TRILLFIGER




2/3





Model code: 334/2022

Name : Rani Patel

Height : 5.8ft

Vitals : 33-26-36

Interest : Acting & Modeling

Job Track : Print & TV Ads,
Ramp Shows etc.




Reebok
SPEEDWICK





Model code: 335/2022

| | | |
|---|---|---|
| Name | : | Manisha Tambade |
| Height | : | 5.5 ft |
| Vitals | : | 34 -26 - 34 |
| Interest | : | Acting & Modeling |
| Job Track | : | Theatre artist, album songs, Serials etc. |









Model code: 336/2022

Name : Parijat Chakraborty

Height : 5.7 ft

Vitals : 34 -32 - 36

Interest : Acting & Modeling

Job Track : Actress, Model for Many National Brands









**CONCEPT SHOOT**

Concept:

## SUMMER FASHION

Costume Designer :
**Smruthy Simon**

Editing
**Franks Sebz**

Photography :
**Rajeev Utsav**

Special Thanks:
**Resmi P.B, Reshma Sreeju, Anju Ditto**

Models :

**Gulsana Banu, Sangamithra Ashok**
**Shilpa Ashok**















# മാത്യൂസ്
## ചരിത്രം രചിച്ച ചിത്രകഥാകാരൻ

മനോരാജ്യം, മനോരമ, മംഗളം, മന:ശബ്ദം, ദീപിക വാരാന്ത്യം, പൗരധ്വനി, പശ്ചിമതാരക, ബാലരമ, കേരളഭൂഷണം ഡെയ്‌ലി എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ ഒട്ടേറെ ചിത്രകഥകൾ വായനക്കാർക്കു സമ്മാനിച്ച അതുല്യ കലാകാരൻ.

ചിത്രകഥകളെക്കുറിച്ച് ഓർക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ ആദ്യം കയറി വരുന്നത് മാത്യൂസിന്റെ ചിത്രകഥകളാണ്. മാത്യു.കെ.ജെ എന്ന മാത്യൂസിന്റെ ചിത്രകഥകൾ വായിക്കാത്തവർ കുറവായിരിക്കും. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലം മുതൽ മാത്യൂസിന്റെ ചിത്രകഥകൾ വായിച്ചു തുടങ്ങിയതാണ്. മനോരമയിൽ പ്രസിദ്ധീകരിച്ച ഉണ്ണിയും ഉഷയും എന്റെ മനസ്സിൽ നിന്നും മാറാത്ത ചിത്രകഥയാണ്. ജീവിത യാഥാർത്ഥ്യങ്ങൾ അതിമനോഹരമായി വരച്ചും എഴുതിയും വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠിക്കാൻ മാത്യൂസിനുള്ള കഴിവ് കഴിവ് അത്ഭുതാവഹമാണ്. ഒരു നല്ല സിനിമ കാണുന്നതുപോലെ ഓരോ ചിത്രകഥയും നമ്മുടെ മനസ്സിൽ നിറഞ്ഞു നിൽക്കും. അദ്ദേഹത്തപ്പറ്റി എഴുതാനാണെങ്കിൽ ഒരു ലക്കത്തിലൊന്നും തീരില്ല. ആ വലിയ കലാകാരൻ വളർന്ന വഴി അദ്ദേഹത്തിന്റെ വാക്കുകളിൽ നമുക്കു കേൾക്കാം.

‘‘കോട്ടയം ജില്ലയിൽ മുളക്കുളം വില്ലേജിലെ കാരിക്കോട് എന്ന സ്ഥലത്ത് 1946 ൽ ജനിച്ചു. പിതാവ് കെ.എം.യോഹന്നാൻ വൈദ്യൻ മാതാവ് അന്നമ്മ. കുട്ടിക്കാലം മുതൽ എനിയ്ക്ക് ചിത്രകലയിൽ താൽപ്പര്യമായിരുന്നു. 5 വയസ്സു മുതൽ ഞാൻ ഭിത്തിയിലും മറ്റും ധാരാളം ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. 10 വയസ്സു മുതൽ കാണുന്ന സിനിമയെല്ലാം ഞാൻ നോട്ടുബുക്കിനുള്ളിൽ ചിത്രകഥകൾ പോലെ വരച്ച് എല്ലാവരേയും കാണിക്കുമായിരുന്നു. അക്കാലത്ത് മനോരമയിലും കേരള ഭൂഷണത്തിലും വരുന്ന സൺഡേസപ്ലിമെന്റിൽ വരുന്ന ഫാന്റവും മാൻഡ്രേക്കും നന്നായി വായിയ്ക്കുമായിരുന്നു. ആ ചിത്രകഥകൾ എനിക്ക് വലിയ ഇഷ്ടവുമായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1966 ൽ






തൃപ്പൂണിത്തുറ RLV ഫൈൻ ആർട്ട്സ് സ്ക്കൂളിൽ ചിത്രരചനയ്ക്ക് ചേർന്നു. അതേവർഷം തന്നെ എന്റെ വീടിന്റെ അടുത്തുള്ള APUP സ്കൂളിൽ ഡ്രോയിംഗ് ടീച്ചറിന്റെ പോസ്റ്റ് വന്നു. എന്റെ പിതാവിന്റെ സുഹൃത്തായ അച്ചുതൻ പിള്ളസാറിന്റെ സ്ക്കൂൾ ആയിരുന്നു അത്. അച്ചുതൻ പിള്ള സർ എന്റെ പിതാവിനോട് പറഞ്ഞു. 'അടുത്ത കൊല്ലം മകനെ ഡ്രോയിംഗ് അദ്ധ്യാപകനാക്കാനുള്ള യോഗ്യത നേടുകയാണെങ്കിൽ മകനെ ഇവിടെ അദ്ധ്യാപകനാക്കാം' ഞാൻ അഞ്ചര വർഷത്തെ കോഴ്സിന് തൃപ്പൂണിത്തുറയിൽ ചേർന്ന ഉടനെയാണ് പറയുന്നത് അടുത്ത കൊല്ലം യോഗ്യത നേടി വന്നാൽ ഉദ്യോഗം നൽകാമെന്ന്. അതുകൊണ്ട് ഞാൻ KGTE പ്രൈവറ്റായി എഴുതുകയും ജോലി നേടുകയും ചെയ്തു. 1967 ൽ ഞാൻ കാരിക്കോട് APUP സ്ക്കൂളിൽ പാർട്ട് ടൈം അദ്ധ്യപകനായി ജോലിക്കു ചേർന്നു. KGTE യുടെ ഫ്രീഹാൻഡ്, ഡിസൈൻ എന്നീ കോഴ്സുകൾ ആദ്യം പാസ്സാവുകയും പിന്നീട് പെയിന്റിംഗും ജോമട്രിയും എഴുതി എടുക്കുകയും ചെയ്തുതു. അദ്ധ്യാപക ജോലി കിട്ടി, KGTE പരീക്ഷ പാസ്സായി, RLV സ്ക്കൂളിലെ പഠനവും നടന്നു. പാർട്ട് ടൈം അദ്ധ്യാപകനായതിനാൽ ആഴ്ചയിൽ 2 ദിവസം RLV യിൽ പോകാൻ സമയം കിട്ടി.

1970 ൽ ഒരു ചിത്രകഥ വരച്ചുകൊണ്ട് ഞാൻ മനോരമ പത്രമോഫീസിൽ ചെല്ലുന്നു. കുട്ടിക്കാലം മുതലേ എനിക്ക് ചിത്രകഥയോട് വലിയ താൽപ്പര്യമായിരുന്നു. മനോരമയുടെ സൺഡേസപ്ലിമെന്റിൽ എന്റെ ഒരു ചിത്രകഥ പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്നു പറയാൻ പത്രത്തിന്റെ നാലിൽ ഒന്നു വലിപ്പത്തിൽ ചിത്രകഥയും വരച്ചുകൊണ്ടാണ് പോയത്. മനോരമയുടെ എഡിറ്ററെ കാട്ടിക്കഴിഞ്ഞപ്പോൾ മനോരമയുടെ ആർട്ട് എഡിറ്ററെ പോയി കാണാൻ അദ്ദേഹം പറഞ്ഞു. K.J. മാത്യു എന്ന എന്റെ പേരുകാരൻ തന്നെയായിരുന്നു അവിടുത്തെ ആർട്ട് എഡിറ്റർ.

ഒരു K. J. മാത്യുവിനെ കാണാൻ മറ്റൊരു K. J. മാത്യു അവിടെ ചെന്നിരിക്കുകയാണ്. ഇവിടെ ഇതുപോലെയുള്ള ചിത്രകഥകൾ സ്വീകരിക്കുകയില്ലെന്നും ഫാന്റവും മാൻഡ്രേക്കും മാത്രമേ ഇവിടെ പ്രസിദ്ധീകരിക്കുകയുള്ളു എന്നും ആർട്ട് എഡിറ്റർ പറഞ്ഞു. എനിയ്ക്ക് ഒരു സഹായം ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു. ''എന്റെ സുഹൃത്ത് കാനം ഇ.ജെ. മനോരാജ്യം എന്ന പേരിൽ ഒരു ആഴ്ചപ്പതിപ്പ് തുടങ്ങിയിട്ടുണ്ട്. രണ്ടാഴ്ചയായി കഴിഞ്ഞ രണ്ടു ലക്കവും ഞാനാണ് പടം വരച്ചു കൊടുത്തത്. ഞാൻ പറഞ്ഞു എന്നു പറഞ്ഞ് അദ്ദേഹത്തെ പോയി കാണുക.'' അദ്ദേഹം പറഞ്ഞതു പ്രകാരം ഇ.ജെ.യെ ഞാൻ ചിത്രകഥ കാണിച്ചു. അവിടെ ചിത്രകഥ എടുക്കുകയില്ലെന്നും ഇലസ്ട്രേഷൻ ചെയ്യാൻ അവസരം തരാമെന്നും പറഞ്ഞു. അടുത്ത ലക്കത്തിലേക്കുള്ള ഇലസ്ട്രേഷൻ ചെയ്യിച്ചാണ് എന്നെ വിട്ടത്.

1971 ൽ വേറൊരു മാറ്റം കൂടി വന്നു. അതു വരെ പാർട്ട് ടൈം അദ്ധ്യാപകനായിരുന്ന ഞാൻ ഫുൾ ടൈം അദ്ധ്യാപകനായി മാറി. പേരന്റ് സ്ക്കൂളിലും മറ്റു രണ്ടു ഗവ: സ്ക്കൂളുകളിലും കൂടിയാണ് ഫുൾ ടൈം ജോലി ചെയ്തത്. അങ്ങനെ മൂന്നു സ്ക്കൂളുകളിൽ പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ കാനം ഇ.ജെ. യുടെ പ്രാണസഖി എന്ന നോവലിലേയ്ക്ക് ഇലസ്ട്രേഷൻ തുടങ്ങി. കാനത്തിന്റെ നോവലായതിനാൽ നല്ല വലുപ്പത്തിലുള്ള പടങ്ങൾ വരച്ചിരുന്നതുകൊണ്ട് എന്റെ ചിത്രങ്ങൾ വായനക്കാർ ശ്രദ്ധിക്കാൻ തുടങ്ങി. ആ കാലഘട്ടത്തിൽ (1972) മനോരാജ്യം പുസ്തകമായി മാറി. അതു വരെ മനോരാജ്യം അന്തിപത്രം പോലെ മൂന്നു ഷീറ്റുകളായാണ് ഇറങ്ങിയിരുന്നത്. 1974 ആയപ്പോൾ മനോരാജ്യം കേരളഭൂഷണം നടത്തിയിരുന്ന ഡോ: ജോർജ് തോമസ്സിന്റെ കയ്യിൽ എത്തി. മനോരാജ്യം കേരളഭൂഷണത്തിന്റെ ഓഫീസിലേയ്ക്ക് മാറി. ചിത്രകഥ വരയ്ക്കണമെന്നു പറഞ്ഞാണ് ഞാൻ അവിടെ ചെന്നതു തന്നെ. 1975 ആയപ്പോൾ ഡോ: ജോർജ്ജ് തോമസ് ചിത്രകഥ പ്രസിദ്ധീകരിക്കുവാൻ സമ്മതിച്ചു. അങ്ങനെ എന്റെ ആദ്യ ചിത്രകഥ 'പന്ത്രണ്ടുരാവുകൾ' പ്രസിദ്ധീകരിച്ചു. ആ കഥ തീരുന്നതിനു മുമ്പുതന്നെ രണ്ടാമത്തെ







കഥ ശരിയാക്കിക്കൊള്ളാൻ എന്നോടു പറഞ്ഞു. രണ്ടാമത്തെ കഥയാണ് 'കാർത്തികപ്പൂവ്'. ഇനിയുമുള്ള കാര്യങ്ങൾ കുറേ കൂടി ചുരുക്കി പറയാം. 1975 മുതൽ 1990 വരെയുള്ള 15 വർഷം കൊണ്ട് മനോരാജ്യം ഉൾപ്പടെ മറ്റു വാരികകളിലും കൂടി 25 ചിത്രകഥകൾ ഞാൻ വരച്ചു. അതിൽ ഏറ്റവും കൂടുതൽ വായനക്കാരുടെ പ്രശംസകൾ എനിയ്ക്കു കിട്ടിക്കൊണ്ടിരുന്നത് കാർത്തികപ്പൂവ്, മോഹാലസ്യം, ഷൈമോൾ, ചുവന്ന ബൈക്കിൽവരുന്നയാൾ, ഇഷ്ടമാണ് നൂറുവട്ടം, കാട്ടാറും കണിക്കൊന്നയും തുടങ്ങിയ ചിത്രകഥകൾക്കാണ്. എന്റെ ചിത്രകഥകൾ മുഴുവനും വന്നിരുന്നത് കോട്ടയത്തു നിന്നുള്ള മാസികകളിലാണ്. മുൻഗണനാക്രമത്തിൽ – മനോരാജ്യം, മനോരമ, മംഗളം, മന:ശബ്ദം, ദീപികവാരാന്ത്യം, പൗരധ്വനി, പശ്ചിമതാരക, ബാലരമ, കേരള ഭൂഷണം ഡെയ്‌ലി എന്നീ പ്രസിദ്ധീകരണങ്ങളിലാണ് എന്റെ ചിത്രകഥകൾ വന്നിട്ടുള്ളത്. പ്രിയയുടെ കത്ത് എന്ന ചിത്രകഥയിലെ നായകനും നായികയും മറ്റു കഥാപാത്രങ്ങളും എന്റെ നാട്ടിലുള്ള സുഹൃത്തുക്കൾ ആണ്. അതിലുള്ള സ്ക്കൂൾ ഞാൻ പഠിച്ച സ്ക്കൂൾ ആണ്. അതിലെ അദ്ധ്യാപകർ എന്റെ അദ്ധ്യാപകരുമാണ്.

ചിത്രകഥ മൂലം ബൈക്ക് വാങ്ങിയ കാര്യം കൂടി പറയാം. ഞാൻ മനോരാജ്യത്തിലേക്ക് പോകുമ്പോൾ അതിന്റെ അടുത്താണ് മലയിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ഷോറൂം. അവിടെ ഇൻഡുസുസൂക്കി എന്ന ബൈക്കിന്റെ ചുവന്ന നിറത്തിലുള്ള ഒരു ബൈക്ക് ഗ്ലാസ് കൂട്ടിലാക്കി വെച്ചിട്ടുണ്ട്. ബൈക്ക് ബുക്കു ചെയ്യുന്നതിനു വേണ്ടിയുള്ള ഡിസ്‌പ്ലേയാണ്. അതൊരു പുതിയ അനുഭവമായിരുന്നു. ബ്ലാക്ക് നിറത്തിലല്ലാതെ മറ്റൊരു വർണ്ണത്തിലുള്ള ബൈക്ക് ഞാൻ ആദ്യമായികാണുകയാണ്. അപ്പോൾ എനിയ്ക്കു തോന്നി ചുവന്ന കളറിലെ ബൈക്ക് വെച്ച് ഒരു ചിത്രകഥ എഴുതണമെന്ന്. അങ്ങനെയാണ് 'ചുവന്ന ബൈക്കിൽ വരുന്ന ആൾ' എന്ന ചിത്രകഥ വരയ്ക്കുന്നത്. ആ കഥ ഒരുപാട് ആൾക്കാർക്ക് ഇഷ്ടപ്പെട്ടു. ഇതിനിടയിൽ ഡോ.ജോർജ് തോമസ് സർ എന്നോടു ചോദിച്ചു. ബൈക്ക് ഉണ്ടോ എന്ന് ചോദിച്ചു. ഞാൻ ബൈക്ക് ഇല്ല എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ കഥ തീരുമ്പോഴേയ്ക്കും ഇതിൽ കാണുന്ന ബൈക്ക് മാത്യൂസിന് ലഭിക്കും എന്നു അദ്ദേഹം പറഞ്ഞു. ആ സമയത്ത് എനിയ്ക്ക് ചിത്രകഥയ്ക്ക് ഒരാഴ്ച 200 രൂപയായിരുന്നു കിട്ടിയിരുന്നത്. ബൈക്ക് വാങ്ങിക്കാം എന്നു പറഞ്ഞതിനു ശേഷം അദ്ദേഹം ആഴ്ചയിൽ 300 രൂപ വെച്ച് തരാൻ തുടങ്ങി. ബൈക്ക് കമ്പനിക്കാർ എനിക്കു തന്നപ്പോൾ ബൈക്കിന്റെ വിലയായ 15000 ഡോ.ജോർജ് തോമസ് സർ എനിയ്ക്കു തന്നു. ആ ചിത്രകഥയ്ക്കുള്ള പ്രതിഫലമായി എനിയ്ക്ക് ബൈക്ക് തന്നു! 25 കൊല്ലം ഞാൻ ബൈക്ക് ഉപയോഗിച്ചു.

മഴക്കൊയ്ത്തിലൂടെ ജലസമൃദ്ധി

1977-ൽ ആണ് ഉണ്ണിയും ഉഷയും മനോരമയിൽ പ്രസിദ്ധീകരിക്കുന്നത്. എല്ലാവരുടെയും മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ചിത്രകഥയാണ് ഉണ്ണിയും ഉഷയും. ഇലസ്ട്രേഷനും ചിത്രകഥകളും 100ൽ കൂടുതൽ ലോഗോകളും സൃഷ്ടിച്ച മാത്യൂസിനെക്കുറിച്ച് ഒരു പാട് എഴുതാനുണ്ട്. മാത്യൂസ് വരച്ച 'മഴക്കൊയ്ത്തിലൂടെ ജലസമൃദ്ധി' എന്ന ലോഗോയ്ക്ക് കേരള സർക്കാരിന്റെ അവാർഡ് കിട്ടിയിട്ടുണ്ട്.

മാത്യൂസിന്റെ ഭാര്യയുടെ പേര് ആലീസ്. മൂത്തമകൻ അനിഷ് മാത്യു – ഭാര്യ ജിഷ മേരി ജോൺ. രണ്ടാമത്തെ മകൾ സിമിലി മാത്യു – ഭർത്താവ് സുനോജ്. മൂന്നാമത്തെ മകളുടെ പേര് എമിലി മാത്യു – ഭർത്താവ് – വിമൽ ജോസഫ്. മക്കൾക്കും മരുമക്കൾക്കും എല്ലാം ജോലിയും ബിസിനസ്സും ഉണ്ട്. മാത്യൂസിന്റെ ചിത്രകഥകളും ഇനിയും നമുക്കു പ്രതീക്ഷിക്കാം. ●



**എൽ.രാജശേഖരൻ മുതുകുളം**

Coming soon

ഇഫെക്ടീവ് ആഡ്കോം eFFECTIVE

# ADCOM

## Advertising
## Marketing
## Media
## Summit

**(AAMMS)**

*Inviting*

**Partners, Presenters, Participants & Petrons**

For more details contact
effectiveadcom@gmail.com










# ചിരിയും ചിന്തയും ഉണർത്തുന്ന കാർട്ടൂണുകളും കാരികേച്ചറുകളുമായി നാരായണൻ തേവന്നൂർ

കാർട്ടൂണിസ്റ്റ്, ആനിമേറ്റർ, പെയിന്റർ, ഇല്ലസ്ട്രേറ്റർ, കാരിക്കേച്ചർ ഡിസൈനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന നാരായണൻ തേവന്നൂർ ചിത്രകലാരംഗത്ത് ഏറെ ശ്രദ്ധ നേടുന്നു .

ചെറുപ്രായത്തിൽത്തന്നെ കാർട്ടൂണിസ്റ്റ്, കാരിക്കേച്ചർ ഡിസൈനർ എന്നീ നിലകളിൽ ശ്രദ്ധേയനായ കലാകാരനാണ് നാരായണൻ തേവന്നൂർ. അദ്ദേഹം വരച്ച 'വേനൽ (കല്ല്) മഴ'എന്ന കാർട്ടൂൺ കണ്ടവർ ചിന്തിച്ച് ചിന്തിച്ച് ചിരിച്ചു കൊണ്ടേയിരിക്കും. വേനൽ മഴയിൽ വിലകൂടിയ സാധനങ്ങൾ എല്ലാം കല്ലുകളായാണ് മനുഷ്യരിലേയ്ക്ക് വീഴുന്നത്. കല്ലുകൾ വീണ മനുഷ്യന്റെ തലയിലെ മുഴകൾ മുള്ളുപോലെ വളർന്നു നിൽക്കുന്നതും വിമ്മിഷ്ടപ്പെട്ട് വേദനയോടെ നിൽക്കുന്ന വായുടെ പിടിത്തവും വായ്ക്കുള്ളിലെ കടിച്ചു പിടിച്ചിരിക്കുന്ന പല്ലുകളും ആരുടെയും മനസ്സിൽ നിന്ന് മാറുകയില്ല. നാരായണന്റെ 'നാസ്തികൻ' എന്ന കാർട്ടൂൺ കൂടി നമുക്കൊന്ന് കാണാം. ആദ്യത്തെ കോളത്തിലെ സംസാരം വാവ സുരേഷിന് പാമ്പുകടിയേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലാണത്രേ. രണ്ടാം കോളത്തിൽ. അദ്ദേഹം വെന്റിലേറ്ററിന്റെ സഹായത്തോടാണത്രേ ശ്വസിക്കുന്നത്! മൂന്നാമത്തെ കോളം 24 മണിക്കൂറും വിദഗ്ദ്ധ ഡോക്ടർമാരുടെ പരിചരണത്തിലാണ്. നാലാമത്തെ കോളം ചികിത്സ ഫലം കണ്ടു തുടങ്ങി. കണ്ണു തുറന്നു സംസാരിച്ചു, ഉടൻ അടുത്തു നിൽക്കുന്ന ആൾ ഹൊ....! ആശ്വാസമായി. അഞ്ചാമത്തെ കോളം, പത്രം വായിക്കുന്ന ആൾ പറയുന്നു 'അപകടനില തരണം ചെയ്തു'. I.C.U വിൽ നിന്ന് മാറ്റി! അപ്പോൾ അടുത്തു നിൽക്കുന്ന രണ്ടു പേർ 'എന്നാൽ പിന്നെ നമുക്ക് തുടങ്ങിയാലോ' കേട്ടുകൊണ്ടു നിന്ന ആൾ 'ഷുവർ ' ആറാമത്തെ കോളം. പത്രവായന കേട്ടു നിന്നവർ. തുള്ളിച്ചാടിക്കൊണ്ട് 'പ്രാർത്ഥന ഫലിച്ചേ ! ഞങ്ങളുടെ പ്രാർത്ഥന ഫലിച്ചേ' ഒന്നും ചെയ്യാതെ നിൽക്കുന്നവർ പേരു കിട്ടാൻ വേണ്ടി



നാരായണൻ തേവന്നൂർ









കാട്ടി കൂട്ടുന്ന കോലഹലം ആ കാർട്ടൂൺ എല്ലാവരുടെയും മനസിൽ എത്തിക്കും.

ഇനി നമുക്ക് നാരായണൻ തേവന്നൂരിനെ പരിചയപ്പെടാം അദ്ദേഹം കൊല്ലം ജില്ലയിലെ തേവന്നൂർക്കാരനാണ്. അച്ഛന്റെ പേര് എസ്.മാധവൻ. അമ്മ ലക്ഷ്മിക്കുട്ടി. കുട്ടിക്കാലം മുതലേ നാരായണൻ നന്നായി ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. സ്കൂൾ കോളേജ് പഠനകാലത്ത് പെയിന്റിംഗിലും കാർട്ടൂണിലും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സ്കൂൾ പഠനകാലത്ത് കൂട്ടുകാരുടെ ചിത്രങ്ങൾ രസകരമായി വരയ്ക്കുമായിരുന്നു. 1990-ൽ കൊല്ലം റവന്യൂ ജില്ലാ യുവജനോൽസവത്തിൽ കാർട്ടൂണിന് ഒന്നാം സ്ഥാനം നേടി. തിരുവനന്തപുരം ഫൈൻ ആർട്സ്സ് കോളേജിൽ നിന്നും പെയിന്റിംഗിൽ ബിരുദം നേടി. ഫൈൻ ആർട്സ് കോളേജിൽ പഠിക്കുമ്പോഴത്തെ രസകരമായ ഒരു സംഭവം അദ്ദേഹം പറഞ്ഞു.

‘തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ പഠിക്കുന്ന കാലത്ത് സ്കെച്ചിംഗ് ചെയ്യുന്നതിന് (ആൾക്കാരെയും പ്രകൃതിയെയും നോക്കി പെട്ടെന്ന് വരയ്ക്കുന്നതിന്) വേണ്ടി ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ അങ്ങനെ ആൾക്കാർ കൂടുന്നിടത്തെല്ലാം പോകുമായിരുന്നു. എവിടെയെങ്കിലും സ്വസ്ഥമായിരുന്ന് കാണുന്ന എല്ലാവരെയും വരയ്ക്കുക, അതായിരുന്നു പരിപാടി. ഒരു ദിവസം തമ്പാനൂർ റെയിൽവേ സ്റ്റേഷനിലിരുന്ന് എല്ലാ കാഴ്ചകളും എന്റെ സ്കെച്ച് ബുക്കിലേക്ക് പകർത്തുമ്പോൾ ഒരു പോലീസുകാരൻ കുറേ നേരമായി എന്നെത്തന്നെ തുറിച്ചു നോക്കുന്നതായി തോന്നി. മൈൻഡു ചെയ്യാതെ ഞാൻ വര തുടർന്നു. കുറെ കഴിഞ്ഞപ്പോൾ തോളിൽ ഒരു കൈ പതിഞ്ഞു. തിരിഞ്ഞു നോക്കിയപ്പോൾ ആ പോലീസുകാരൻ! അദ്ദേഹം എന്നെ ഷർട്ടിന്റെ കോളറിൽ പിടിച്ചു പൊക്കിയെടുത്തു. എന്നിട്ട് ഇങ്ങനെ അലറി ‘നീ എവിടാടാ പഠിക്കുന്നത്? '' ഫൈൻ ആർട്സ് കോളേജിൽ '' ഞാൻ പറഞ്ഞു. അതു കേൾക്കെ പിടി ഒന്നു കൂടി മുറുക്കി. എന്നിട്ട് എല്ലാവരും കേൾക്കെ അലറി പറഞ്ഞു. ''നിന്നെയൊക്കെ അച്ഛനും അമ്മയും കഷ്ടപ്പെട്ട് പഠിക്കാനയയ്ക്കും., എന്നിട്ട് നീയൊക്കെ ക്ലാസ്സിൽ കയറാതെ ആൾക്കാരുടെ വായും നോക്കി പടവും വരച്ചു നടക്കും. പോയി നാലക്ഷരം പഠിക്കാൻ നോക്കെടാ.'' ഞാൻ ചിത്രകലയാണ് പഠിക്കുന്നതെന്നും ഇത് എന്റെ പഠനത്തിന്റെ ഭാഗമാണെന്നുമൊക്കെ എനിക്ക് പറയണമെന്നുണ്ടായിരുന്നു പക്ഷേ, പേടിച്ചിട്ട് ഒരു വാക്കും പുറത്തു വന്നില്ല.’




ആർട്സ് കോളേജിൽ പഠിക്കുന്ന കാലം മുതൽ നാരായണൻ ആനുകാലികങ്ങളിൽ കാർട്ടൂൺ വരയ്ക്കുന്നു. മൂന്നു വർഷക്കാലം മാതൃഭൂമി തിരുവനന്തപുരം എഡിഷനിലെ ‘നഗരം’ പതിപ്പിൽ ‘ടെക്നോട്യൂൺസ്’ എന്ന പേരിൽ സ്ഥിരം കാർട്ടൂൺ കോളം ചെയ്തിരുന്നു. കാർട്ടൂണിസ്റ്റ്, ആനിമേറ്റർ, പെയിന്റർ, ഇല്ലസ്ട്രേറ്റർ, കാരിക്കേച്ചർ ഡിസൈനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ ബൈജൂസിൽ വർക്കു ചെയ്യുന്നു.

‘സുപ്രഭാതം’ ദിനപത്രത്തിനു വേണ്ടി കാരിക്കേച്ചറുകളും പോർട്രൈറ്റുകളും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിലെ ട്യൂൺസ് ആനിമേഷൻ ഇൻഡ്യ, എപ്പിക്കാ സ്റ്റുഡിയോ എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്.

നാരായണന്റെ ഓരോ കാരിക്കേച്ചറും കാണുന്നവരുടെ മനസ്സിൽ നിന്ന് മാറാത്തവയാണ്. അടൂർ ഗോപാലകൃഷ്ണൻ അവാർഡുകൾ ഏന്തി നിൽക്കുന്ന കാരിക്കേച്ചർ ആരും മറക്കുകയില്ല. നമ്മുടെ മനസ്സിൽ അടൂർഗോപാലകൃഷ്ണനെ ഓർമ്മിപ്പിക്കുന്ന അദ്ദേഹത്തിന്റെ തലമുടിയും തലമുടിയുടെ ഇടയിലൂടെ കടന്നു കയറിയ അവാർഡുകൾ ഏന്തിയ കരങ്ങളും കഴുത്തിൽ തൂങ്ങികിടക്കുന്ന മെഡലുകളും രസകരമായി വരച്ചിരിക്കന്നു.








കുതിരവട്ടം പപ്പുവിനെ ഓർമ്മിപ്പിക്കുന്ന നാരായണന്റെ ഒരു കാരിക്കേച്ചർ ഉണ്ട്. മണിചിത്രതാഴ് എന്ന സിനിമയിലെ കഥാപാത്രമായി രണ്ടു ചെവിയിലും ചെമ്പരത്തിപ്പൂക്കൾ വെച്ച് കുണുങ്ങി ചിരിച്ചു നിൽക്കുന്ന പപ്പു നമ്മുടെ മനസ്സിൽ ചിരി ഉണർത്തും. നാരായണന്റെ കാർട്ടൂണുകളെപ്പറ്റിയും കാരിക്കേച്ചറുകളെപ്പറ്റിയും ഒരു പാട് പറയാനുണ്ട്.

ഒരു കാർട്ടൂണിനെ കുറിച്ചു കൂടി പറയാം. ഒരു മുറിയിൽ കുഞ്ഞു മകൻ ഇരുന്ന് പഠിക്കുന്നു. അവന്റെ അഛൻ മദ്യപിച്ച് ലവലില്ലാതെ വാതുക്കൽ വന്നു നിൽപ്പുണ്ട്. മകൻ പുസ്തകം വായിക്കുന്നു.

'ഗാന്ധിജി ജനിച്ചത്' മദ്യപിച്ചു നിൽക്കുന്ന അച്ഛൻ പറയുന്നു 'ഒക്ടോബർ രണ്ടിന്' ഉടൻ മകൻ പുസ്തകം മടക്കി വെച്ചിട്ട് അടുത്ത ചോദ്യം: 'ഗാന്ധിജിയുടെ രക്തസാക്ഷി ദിനം?' ഒരു പെഗ്ഗ് കൂടി അടിച്ചിട്ട് അച്ഛൻ മറുപടി പെട്ടെന്ന് പറഞ്ഞു. 'ജനുവരി 30. വീണ്ടും മകന്റെ ചോദ്യം: ശ്രീനാരായണ ഗുരു ജയന്തി? അച്ഛന്റെ മറുപടി 'ചിങ്ങമാസത്തിലെ ചതയം.' അടുത്ത ചോദ്യം: 'ഗുരു സമാധി' അച്ഛൻ മറുപടി പറഞ്ഞു. 'കന്നി അഞ്ച്'. മകന്റെ ചോദ്യം 'ഇതെല്ലാം കൃത്യമായി അച്ഛന് എങ്ങനെ അറിയാം?' അച്ഛന്റെ മറുപടി: 'ഈ ദിവസങ്ങളിലെല്ലാം ബീവറേജ് അവധിയാ മോനേ.' ഇത്തരം മനസ്സിൽ ചിന്തകളും ചിരിയും ഉണർത്തുന്ന ഒരു പാട് കാർട്ടൂണുകൾ നാരായണൻ വരച്ചിട്ടുണ്ട്. ആശയാണ് നാരായണന്റെ ഭാര്യ. രണ്ടു മക്കൾ ഉണ്ട്. മകൻ - പൃഥ്വി, മകൾ - നിള. അനുവാചകരുടെ മനസ്സിൽ ചിരിയും ചിന്തയും ഉണർത്തുന്ന കാർട്ടൂണുകളും കാരിക്കേച്ചറുകളും നാരായണൻ ഇനിയും സൃഷ്ടിച്ചു കൊണ്ടേയിരക്കട്ടെ. ●




**എൽ.രാജശേഖരൻ മുതുകുളം**

# Growth Hacker Marketing

by Ryan Holiday

## പുസ്തക പരിചയം




A Primer on the Future of PR, Marketing and Advertising

Your new business went online yesterday and you've got a marketing budget of zero. How are you supposed to create a movement around your product? How can you get to your first thousand - or million - customers? Starting from zero, it feels impossible.<br><br> Enter the growth hacker. You may not have heard of growth hacking yet, but you've certainly used the billion dollar brands built by it: Hotmail, AirBnB, Facebook, Dropbox, amongst many others. <br><br> Growth hackers thrive on doing what traditional businessmen would consider impossible: creating something from nothing. They 'hack' their company's growth to create a narrative of sensational success, turning excited media, users and social media into a viral marketing force that will help their business grow exponentially. <br><br> Silicon Valley has realized that growth hacking - not television commercials and billboards - is the successful start-up's secret weapon. Now growth hacker extraordinaire Ryan Holiday is ready to share his experience, teaching you how to harness the power of growth to propel you to success. Featuring insights from leading growth hackers, Amazon price Rs.199/-

# നേർച്ചപ്പെട്ടി

ബാബുജോൺ കഥയെഴുതി സംവിധാനം ചെയ്യുന്ന നേർച്ചപ്പെട്ടി എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. ഉജ്ജ്വനി പ്രൊഡക്ഷൻസിന്റെ ബാനറിൽ ഗിരീഷ് തലശേരി ആണ് ചിത്രം നിർമിക്കുന്നത്. മലയാള സിനിമയിലെ പ്രമുഖരായ പ്രേംകുമാർ, ടി.എസ്. സുരേഷ് ബാബു, തുളസീദാസ്, ഇന്ദ്രൻസ്, സീമ ജി. നായർ, സന്തോഷ് കീഴാറ്റൂർ, ബിജുക്കുട്ടൻ, ഹരീഷ് കണാരൻ, വിനോദ് കോവൂർ, മണികണ്ഠൻ ആചാരി, കൊല്ലം സുധി, കൗഷിക് ഗോപാൽ, നന്ദു ആനന്ദ് എന്നിവരുടെ ഫേസ്ബുക്ക് പേജുകളിലൂടെയായിരുന്നു റിലീസ്. സുനിൽ പുല്ലോട്, ഷാനി നീലമറ്റം എന്നിവർ ചേർന്ന് തിരക്കഥ രചിക്കുന്നു.

ഒരു കന്യാസ്ത്രീയാണ് ചിത്രത്തിലെ നായിക കഥാപാത്രം. ജോമോൻ ആണ് നായക കഥാപാത്രം. പുതുമുഖം അതുൽ സുരേഷ് നായക കഥാപാത്രത്തെയും നൈറ നിഹാർ നായിക കഥാപാത്രത്തെയും അവതരിപ്പിക്കുന്നു. ശ്യാം കോടക്കാഡ്, ഉദയദേവ്, മോഹൻ, ഷാജി തളിപ്പറമ്പ്, സജീവൻ പാറക്കി, മനോജ് നമ്പ്യാർ, വിദ്യൻ കനകത്തിടം, റെയ്സ് പുഴക്കര, ബിജു കല്ലുവയൽ, പ്രസീത അരൂർ, രാജീവ് നടുവനാട്, ജിതേഷ് കോളയാട്, സിനോജ് മാക്സ്, ശ്രീഹരി, പ്രഭുരാജ്, രേഖാ സജിത്ത്, വീണ പത്തനംതിട്ട, പൗർണമി തീർത്ഥ, പ്രീത ചാലോട്, പ്രബുദ്ധ സനീഷ്, അശ്വനി രാജീവ് തുടങ്ങിയവരാണ് താരങ്ങൾ.

ഛായാഗ്രഹണം: റഫീഖ് റഷീദ്. അസോസിയേറ്റ് ഡയറക്ടർ: മനോജ് നമ്പ്യാർ. കലാസംവിധാനം: ബാലകൃഷ്ണൻ കൈതപ്രം. പ്രൊഡക്ഷൻ കൺട്രോളർ : ഉദയദേവ്. സംഗീതം : ജോജി തോമസ്. മേക്കപ്പ്: ജയരാജൻ ഏരുവേശി. സ്റ്റിൽസ്: വിദ്യൻ കനകത്തിടൻ.അസിസ്റ്റന്റ് ഡയറക്ടർ: രാലജ് രാജൻ. പോസ്റ്റർ ഡിസൈൻ : ഷാനിൽ കൈറ്റ് ഡിസൈൻ. യൂണിറ്റ് : ഷാ മീഡിയ പരപ്പനങ്ങാടി. പിആർഒ : റഹിം പനവൂർ.




## Homage

# ജോൺ പോൾ



ടെലിവിഷൻ അവതാരകൻ, അധ്യാപകൻ, എഴുത്തുകാരൻ, പ്രഭാഷകൻ, മികച്ച സംഘാടകൻ, സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ മലയാള സിനിമയിൽ നിറഞ്ഞു നിന്ന പ്രശസ്തനായ തിരക്കഥാകൃത്തായിരുന്നു ജോൺപോൾ പുതുശേരി എന്നറിയപ്പെടുന്ന ജോൺപോൾ.

1980 കളുടെ തുടക്കത്തിൽ മലയാളത്തിലെ പ്രഗൽഭരായ സംവിധായകരുമായി ഒരുമിച്ച് പ്രവർത്തിച്ച ജോൺപോൾ നൂറിലധികം ചലച്ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. ചാമരം, ഓർമക്കായ്, യാത്ര എന്നീ ചിത്രങ്ങളുടെ തിരക്കഥകളിലൂടെ ജോൺപോൾ മലയാളചലച്ചിത്ര രംഗത്ത് ശ്രദ്ധിക്കപ്പെട്ടു. ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ നേടിയ ഒരു ചെറുപുഞ്ചിരി എന്ന എം.ടി. വാസുദേവൻ നായർ സംവിധാനം ചെയ്ത ചിത്രത്തിന്റെ നിർമ്മാണം ജോൺപോൾ ആയിരുന്നു. കേരളത്തിലെ ചലച്ചിത്ര സാങ്കേതിക കലാകാരന്മാരുടെ സംഘടനയായ മാക്ടയുടേ (MACTA) സ്ഥാപക സെക്രട്ടറിയായിരുന്നു ജോൺപോൾ. ഐ.വി.ശശി സംവിധാനം ചെയ്ത ഞാൻ ഞാൻ മാത്രം എന്ന സിനിമയ്ക്ക് തിരക്കഥയെഴുതിയാണ് ജോൺപോൾ സിനിമയിലെത്തുന്നത്. കമൽ സംവിധാനം ചെയ്ത് 2019-ൽ റിലീസായ പ്രണയ മീനുകളുടെ കടൽ എന്ന ചിത്രത്തിനാണ് അവസാനമായി തിരക്കഥ എഴുതിയത്. ഗ്യാംങ്സ്റ്റർ, കെയർ ഓഫ് സൈറാബാനു എന്നീ സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. 2022 ഏപ്രിൽ 23ന് 71-ാംവയസ്സിൽ അന്തരിച്ചു.




# Editorials of the month

ദീപിക ഏപ്രിൽ 02, 2022

## ജനങ്ങളെ ആശങ്കയിലാക്കുന്ന പരിസ്ഥിതി ലോല മേഖല

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങളോടു ചേർന്നുള്ള പരിസ്ഥിതിലോല മേഖല സംബന്ധിച്ച് കരടു വിജ്ഞാപനം ഇറക്കിയതോടെ വലിയൊരു ജനവിഭാഗം കടുത്ത ആശങ്കയിലായിരിക്കുന്നു. കേരളത്തിലങ്ങോളമിങ്ങോളമായി മലയോര മേഖലയിൽ താമസിക്കുന്ന കർഷകരെ പരിസ്ഥിതി വിഷയങ്ങളുയർത്തി നിരന്തരമായി ഭീഷണിപ്പെടുത്തുന്നതും ആശങ്കയുടെ മുൾമുനയിലാക്കുന്നതും പതിറ്റാണ്ടുകളായി തുടരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾക്കു കർശനമായ വിലക്ക് അടക്കം ജനജീവിതത്തെ സാരമായി ബാധിക്കുന്ന നിരവധി നിയന്ത്രണങ്ങൾ പരിസ്ഥിതി ലോല മേഖലയിൽ ഉണ്ടാകും. നിശ്ചിത പരിധിയിൽ ഹോട്ടലുകൾ, റിസോട്ടുകൾ തുടങ്ങി വാണിജ്യപരമായ നിർമ്മാണ പ്രവർത്തനങ്ങളൊന്നും അനുവദിക്കില്ല. മരങ്ങൾ മുറിക്കുന്നതും വനവിഭവങ്ങൾ ശേഖരിക്കുന്നതും റോഡുകളുടെയും പാലങ്ങളുടെയുമെല്ലാം നിർമ്മാണവും പുനരുദ്ധാരണവും തടയപ്പെടും. തന്മൂലം ഈ പ്രദേശത്ത് ജനജീവിതം ദുരിതപൂർണ്ണമാകുമെന്ന് ഉറപ്പാണ്. കേരളത്തിൽ ഇനിയും വന്യജീവി സങ്കേതങ്ങളുടെ വിസ്തൃതി കൂട്ടാൻ ഇടയാക്കുന്നതാണ് പരിസ്ഥിതി ലോല മേഖല പ്രഖ്യാപനം. തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി നിശ്ചിത കാലാവധിക്കുള്ളിൽ പരാതിയും നിർദേശങ്ങളും സമർപ്പിച്ച് അന്തിമ വിജ്ഞാപനം ജനദ്രോഹകരമാകാതിരിക്കാനുള്ള ഇടപെടലുകളാണ് നടത്തേണ്ടത്. അതിൽ ഒരു തരത്തിലുള്ള വീഴ്ചയും ഉണ്ടായിക്കൂടാ.

---

മലയാള മനോരമ ഏപ്രിൽ 08, 2022

## യാഥാർഥ്യമാകട്ടെ ഈ ജലസ്വപ്നം

രാഷ്ട്രപതിയായിരിക്കെ ഡോ.എ.പി.ജെ.അബ്ദുൽ കലാം കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി മുന്നോട്ടുവച്ച ദർശനരേഖയിൽ എടുത്തുപറഞ്ഞ പദ്ധതികളിലൊന്നാണ് ജലപാതാ പൂർത്തീകരണം. അനേകരെ കുടിയൊഴിപ്പിക്കേണ്ടിവരുന്നതും വൻതുക ചെലവഴിക്കേണ്ടതുമായ സിൽവർലൈൻ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ 5300കോടി രൂപ മാത്രം ചെലവു പ്രതീക്ഷിക്കുന്ന കോവളം – ബേക്കൽ ജലപാത നിർമ്മാണം ഇഴഞ്ഞു നീങ്ങുകയാണ്. ഈ ജലപാത കേരളത്തിന്റെ വികസനത്തിലേക്കുകൂടിയാണു നീളുന്നത്. കേരളത്തിന്റെ തെക്ക് – വടക്ക് 620 കിലോമീറ്ററാണ് പൂർണ്ണമായും ജലമാർഗ്ഗം സഞ്ചരിക്കാനാവുക. ഇതിലൂടെ ചെലവു കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ യാത്രാമാർഗമാണു കേരളത്തിനുണ്ടാവുക. റോഡ് വികസിപ്പിക്കാൻ വേണ്ടിവരുന്നതിന്റെ നാലിലൊന്നു തുകയ്ക്കു ജലപാത നിർമ്മിക്കാം. അറ്റകുറ്റപ്പണികൾക്ക് റോഡുകളെ അപേക്ഷിച്ച് അഞ്ചിലൊന്നു തുക മതി. ഇതു യാഥാർത്ഥ്യമായാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടസാധ്യതയും കുറയുകയും ചെയ്യും. പ്രദേശിക ടൂറിസം വികസനത്തിലൂടെ കൂടുതൽ പേർക്കു തൊഴിൽ ലഭ്യമാകുമെന്നതും വലിയ കാര്യമാണ്. നെതർലൻഡ്സ് ഉൾപ്പെടെ പല യൂറോപ്യൻ രാജ്യങ്ങളും ഉൾനാടൻ ജലഗതാഗതത്തിൽ കാണിച്ചു തരുന്ന മാതൃക ഇന്ത്യയിൽ ഏറ്റവും ഫലപ്രദമായി നടപ്പാക്കാൻ സാധ്യതയുള്ള സംസ്ഥാനമാണു കേരളം. ജലപാത ജലരേഖയായി മാറാതിരിക്കാൻ സമർപ്പിതവും സമയബന്ധിതവുമായ അടിയന്തര നടപടികൾ സർക്കാരിൽനിന്ന് ഉണ്ടാകേണ്ടതുണ്ട്.

---

ദീപിക ഏപ്രിൽ 09, 2022

## വഴിയാധാരമാകുമോ ആധാർ?

ഏറെ കൊട്ടിഘോഷിക്കപ്പെട്ട ആധാർ കാർഡിന്റെ സുരക്ഷയിൽ ആശങ്കയുണ്ടെന്നും അതിന് ഉത്തരവാദിത്വമുള്ള സ്ഥാപനത്തിന്റെ നടത്തിപ്പിൽ പാളിച്ചകളുണ്ടെന്നും ഓഡിറ്റിംഗിൽ കണ്ടെത്തിയെന്ന വാർത്ത അതിലേറെ ആശങ്കയോടെയാണ് രാജ്യത്തെ പൗരന്മാർ കേട്ടത്. ഈ കാർഡൊന്നു കൈയിൽ കിട്ടാൻ ജനങ്ങൾ അത്രയേറെ ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. ആധാർ കാർഡിനുവേണ്ടി ശേഖരിക്കുന്ന രേഖകൾ ആവശ്യഘട്ടത്തിൽ പ്രവർത്തനരഹിതമാകുന്നതും തിരിച്ചറിയൽ അസാധ്യമാകുന്നതും വിവരങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതിലെ അപാകതകളുമൊക്ക സിഎജി ചൂണ്ടിക്കാണിച്ചിരിക്കുന്നു. മാതാപിതാക്കളുടെ ബയോമെട്രിക് വിവരങ്ങൾ ഉപയോഗിച്ചാണ് നിലവിൽ അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികൾക്കു ആധാർ നമ്പർ നൽകുന്നത്. ഒരോ വ്യക്തിയുടെയും ആധാർ സവിശേഷമായിരിക്കണമെന്നുള്ള ആധാർ നിയമത്തിന്റെ അടിസ്ഥാന പ്രമാണം തന്നെ ചോദ്യം ചെയ്യുന്ന നടപടിയാണിത്. ആധാറിനുവേണ്ടി യുഐഡിഎഐ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ച് ബാങ്കുകൾക്കും മൊബൈൽ ഫോൺ ഓപ്പറേറ്റേഴ്സിനും സൗജന്യമായി ഓഥന്റിക്കേഷൻ സേവനങ്ങൾ നൽകി. തന്മൂലം സ്വകാര്യ വിവരങ്ങൾക്ക് സുരക്ഷയില്ലയെന്നും സിഎജി കണ്ടെത്തി.

വർഷത്തിൽ പകുതി ദിവസമെങ്കിലും ഇന്ത്യയിൽ കഴിഞ്ഞയാളാണ് ആധാറിന് അപേക്ഷിച്ചിട്ടുള്ളത് എന്നത് ഉറപ്പുവരുത്താനും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ആധാർ കാർഡ് ലഭിച്ചിട്ടുള്ളവരെല്ലാം ഇന്ത്യാക്കാരണെന്നു പറയാനാവില്ലയെന്നും സിഎജി സൂചിപ്പിക്കുന്നു. നിലവിലുള്ള ആധാർകാർഡിന്റെ ന്യൂനതകൾ പരിഹരിക്കാൻ വേലയും കൂലിയും ഉപേക്ഷിച്ച് വീണ്ടും ക്യൂവിൽ കാത്തുനിൽക്കേണ്ടി വരുമോ, അതോ ഇപ്പോഴത്തെ ആധാർ കാർഡ് പിൻവലിച്ച് പുതിയ എന്തെങ്കിലുമൊന്ന് സർക്കാർ അവതരിപ്പിക്കുമോ തുടങ്ങി നിരവധി ചോദ്യങ്ങളാണ് ജനങ്ങളുടെ മനസ്സിൽ. എത്രയും വേഗം ഇതേക്കുറിച്ച് വിശദീകരണം നൽകുകയും ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടിയെടുക്കുകയും വേണം.

മാതൃഭൂമി ഏപ്രിൽ 13, 2022

## ഭാഷകൾ പഠിക്കണം അടിച്ചേൽപ്പിക്കരുത്

ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരിക്കേ മുലായം സിങ് യാദവ്, കേരളാ മുഖ്യമന്ത്രി ഇ.കെ.നായനാർക്ക് ഹിന്ദിയിൽ കത്തെഴുതിയതും നായനാർ മലയാളത്തിൽ അതിന് മറുപടിയെഴുതിയതും വലിയ വിവാദം സൃഷ്ടിച്ചിരുന്നു. മൂന്നു പതിറ്റാണ്ടിലേറെ മുമ്പുനടന്ന ഈ കത്തെഴുത്തുവിവാദം ഇപ്പോഴും പ്രസക്തമാകുന്നത് ഭാഷകൾ തമ്മിൽ ഉച്ചനീചത്വമുണ്ടെന്നു വരുത്തുന്നതിന് പ്രത്യക്ഷമായും പരോക്ഷമായും ശ്രമം നടക്കുന്നു എന്നതിനാലാണ്. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട സമിതിയുടെ യോഗത്തിൽ ആഭ്യന്തരമന്ത്രി പറഞ്ഞത് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലുള്ളവർ പരസ്പരം ആശയവിനിമയം നടത്തുന്നത് ഹിന്ദിയിലായിരിക്കണമെന്നാണ് അതിനായി 'ഒരു രാഷ്ട്രം ഒരു ഭാഷ' എന്ന ആശയം ഉയർത്തിയിരുന്നു. ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഹിന്ദി നമ്മുടെ രാഷ്ട്രഭാഷ തന്നെയാണ്. സ്വാതന്ത്ര്യസമര വേളയിൽ മഹാത്മജി രാജ്യത്തെ മുറുകെപ്പിടിക്കാൻ ഉപയോഗിച്ച ഭാഷ. ഉത്കൃഷ്ടമായ സാഹിത്യരചനകളാൽ സമ്പന്നമായ സുന്ദരമായ ഭാഷ. വ്യത്യസ്ത ഭാഷയും സംസ്കാരവുമുള്ള ഇന്ത്യ നാനാത്വത്തിൽ ഏകത്വം എന്ന അച്ചുതണ്ടിലാണ് വർത്തിക്കുന്നത്. ഇതരഭാഷകളുടെ സ്വത്വം ഇല്ലായ്മ ചെയ്ത് ഒരു പ്രത്യേക ഭാഷയ്ക്ക് അധീശത്വം കൽപ്പിക്കുന്നത് ശരിയായ രീതിയല്ല. ഒരു ഭാഷ മറ്റൊരു ഭാഷയ്ക്കും മേലെയുമല്ല, താഴെയുമല്ല. ഭരണഘടനയിൽ ഹിന്ദിയെയും ഇംഗ്ലീഷിനെയുമാണ് രാജ്യത്തിന്റെ ഒദ്യോഗികഭാഷയായി അംഗീകരിച്ചിട്ടുള്ളത്. ഔദ്യോഗിക ഭാഷയെന്നാൽ ഭരണപരമായ കാര്യങ്ങൾക്കുള്ള ഭാഷയെന്നല്ലാതെ രാഷ്ട്രത്തിന്റെ പൊതുഭാഷ എന്നർത്ഥമാക്കുന്നില്ല. ഭാഷ എന്നത് കേവലമായ ആശയവിനിമയോപാധി മാത്രമല്ല, ഒരു ജനതയുടെ പാരമ്പര്യത്തിന്റെയും സാംസ്കാരിക സ്വത്വത്തിന്റെയും സഞ്ചിതനിധികൂടിയാണ്. അതിനെ തകർക്കുകയോ ക്ഷീണിപ്പിക്കുകയോ ചെയ്യുന്നത് ആത്മാഭിമാനമുള്ള ആരും അനുവദിച്ചു കൊടുക്കുകയില്ല. ബഹുത്വമാണ്, വൈവിധ്യമാണ് മഹത്തായ ഇന്ത്യൻ ദേശീയതയുടെ ചൈതന്യം എന്നത് വിസ്മരിച്ച് യാന്ത്രികമായി ഏകതാവാദമുയർത്തുന്നത് രാഷ്ട്രതാത്പര്യത്തിന് നിരക്കുന്നതല്ല.

മാതൃഭൂമി ഏപ്രിൽ 14, 2022

## വിദ്യാഭ്യാസം മാറുമ്പോൾ

ഒരു വിദ്യാർത്ഥിക്ക് ഒരേ സമയം രണ്ട് കോഴ്സുകൾ അംഗീകൃതമായിത്തന്നെ പഠിക്കാനും സർട്ടിഫിക്കറ്റ് നേടാനും സാധിക്കുന്ന വലിയ മാറ്റത്തിനാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പച്ചക്കൊടി കാട്ടിയിരിക്കുന്നത്. വിജ്ഞാന വേർതിരിവിന്റെ അതിരുകൾ മായ്ക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ കാഴ്ചപ്പാടിനനുസൃതമാണിത്. മൂന്നു വർഷത്തെ ബിരുദകോഴ്സിന്റെ ഓരോ വർഷവും പ്രത്യേകം സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനവും വിഭാവനം ചെയ്യുന്നുവെന്നതാണ്. ആദ്യ വർഷത്തേത് സർട്ടിഫിക്കറ്റ് കോഴ്സ്, രണ്ടാം വർഷം പാസായാൽ ഡിപ്ലോമ. മൂന്നു വർഷവും പാസായാൽ ബിരുദം. ബിരുദ കോഴ്സിന്റെ കാലാവധി മൂന്നോ നാലോ വർഷമായിരിക്കും. ബിരുദ-ബിരുദാനന്തര കോഴ്സിൽ പഠിച്ചുകൊണ്ടിരിക്കെ കോഴ്സ് തുടരാനാവാതെ വന്നാൽ പൂർത്തിയാക്കിയ സെമസ്റ്ററിന്റെ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ ബാങ്കിൽ ഭദ്രമായി നിക്ഷേപിക്കാവുന്നതും പിന്നീടെപ്പോഴെങ്കിലും അവസരം കിട്ടുമ്പോൾ കോഴ്സിന്റെ ബാക്കിഭാഗം പഠിച്ച് ബിരുദം നേടാവുന്നതാണെന്നുമടക്കമുള്ള മാറ്റങ്ങളാണ് വരുന്നത്. ഒന്നിലേറെ വിഷയങ്ങളിൽ ഉയർന്ന യോഗ്യത നേടുന്നത് തൊഴിൽ ലഭിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കും.

പുതുക്കിയ ദേശീയ വിദ്യാഭ്യാസനയമനുസരിച്ച് ഭാവിയിലേക്കാവശ്യമായ മാതൃകാ കോഴ്സുകൾ നടത്തുക, സ്വാശ്രയ മേഖലയിലും എച്ച്.ഇ.ഐ.കൾ ആരംഭിക്കുക, അഫിലിയേറ്റഡ് കോളേജ് സമ്പ്രദായം ക്രമേണ ഇല്ലാതാക്കി കോളേജുകളെ ബിരുദം നൽകാൻ പ്രാപ്തമായ ഓട്ടോണമസ് സ്ഥാപനങ്ങളാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൂടിയുള്ളതാണ് വിദ്യാഭ്യാസനയം. പ്രവേശനത്തിന് കൂടുതൽ കുട്ടികൾ കാത്തുനിൽക്കുമ്പോൾ ഒരു വിദ്യാർത്ഥിയെ ഒന്നിലേറെ റഗുലർ കോഴ്സ് ഒരേ സമയം പഠിക്കാനനുവദിക്കുന്നതടക്കമുള്ള കാര്യങ്ങൾ പ്രായോഗിക പ്രശ്നങ്ങളുണ്ടാക്കിയേക്കാം. സംസ്ഥാനത്ത് വിദേശ-സ്വദേശ സ്വകാര്യ നിക്ഷേപം സ്വീകരിച്ച് വിജ്ഞാനാധിഷ്ഠിത ഡിജിറ്റൽ സമ്പദ് വ്യവസ്ഥ ലഭ്യമാക്കി പ്രവർത്തിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കൂടി സാഹചര്യത്തിലാണ്. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിച്ചും സാമൂഹിക നീതി ഉറപ്പാക്കിയും മാത്രമേ പുതിയ വിദ്യാഭ്യാസനയം നടപ്പാക്കാവൂ.

മാതൃഭൂമി ഏപ്രിൽ 18, 2022

## ആശ്രിതനിയമനം യുക്തിഭദ്രമാക്കണം

ശമ്പളക്കമ്മീഷൻ ശുപാർശകളിൽ അലവൻസുകൾ കൂട്ടുന്നതൊഴിച്ചുള്ള നിർദേശങ്ങൾ പൊതുവേ സെക്രട്ടറിയേറ്റിൽ പൊടിപിടിച്ചുകിടക്കുന്നതാണ് കീഴ്വഴക്കം. സർക്കാർ സർവീസിലെയും സർക്കാർ ശമ്പളം കൊടുക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിയമനവുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ ചില നിർദേശങ്ങൾ 11-ാം ശമ്പളക്കമ്മീഷൻ നിർദേശിച്ചു. സർവീസിലിരിക്കെ മരിച്ചാൽ അവരുടെ ആശ്രിതർക്ക് ജോലികൊടുക്കുന്ന സമാശ്വാസനിയമനം പൂർണ്ണമായും ഒഴിവാക്കണമെന്നും കുടുംബത്തെ രക്ഷിക്കാൻ മറ്റുതരത്തിൽ ആനുകൂല്യങ്ങൾ നൽകണമെന്നുമായിരുന്നു ശുപാർശ. മറ്റൊന്ന് സ്വകാര്യ സ്കൂൾ - കോളേജുകളിലെ നിയമനത്തിന് റിക്രൂട്ട്മെന്റ് ബോർഡ് രൂപവത്ക്കരിക്കണമെന്നതും. ആശ്രിത നിയമനത്തിന് ഒരു വർഷത്തിനകം അപേക്ഷിക്കണമെന്ന നിർദേശമാണ് ഉന്നതോദ്യോഗസ്ഥസമിതിയുടേത്. സമാശ്വാസ നിയമനത്തിനുപകരം കുടുംബത്തിന് ഒറ്റത്തവണയായോ പെൻഷന്റെ രൂപത്തിലോ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാവുന്നതാണെന്നും ശുപാർശയിലുണ്ട്. ഓരോ വകുപ്പിലും ആകെയുള്ള ഒഴിവിന്റെ അഞ്ച് ശതമാനമാണ് ആശ്രിതനിയമനത്തിന് ഉപയോഗിക്കാവുന്നത്. വിദ്യാഭ്യാസയോഗ്യതയനുസരിച്ച് ജോലി ലഭിച്ച ആശ്രിതർക്ക് മത്സരപരീക്ഷയിൽ ഉയർന്ന റാങ്കുനേടി ജോലിയിൽ വരുന്നവരെപ്പോലെ കാര്യക്ഷമമായി ജോലി ചെയ്യാനാവുന്നില്ലെന്നും കമ്മീഷൻ വിലയിരുത്തി. സമാശ്വാസ നിയമനസംവിധാനം അരനൂറ്റാണ്ടിലേറെയായി നിലവിലുള്ളതാണ് അത് നിർത്താലാക്കുന്നതിനുള്ള നീക്കത്തിന് ന്യായീകരണമില്ല. ആശ്രിതനിയമനത്തിന്റെ കാര്യക്ഷമത കുറയില്ലെന്ന് ഉറപ്പാക്കുന്നതിനുള്ള പരീക്ഷാസംവിധാനവും ആലോചിക്കാവുന്നതാണ്. അർഹതയുടെ കാര്യത്തിൽ നീതിയുക്തമായ മാറ്റങ്ങളോടെ ആശ്രിതനിയമനവ്യവസ്ഥ തുടരണം. അത് പി.എസ്.സി. റാങ്ക് പട്ടികയിലെ അർഹരെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടായിരിക്കുകയും വേണം.

കേരളകൗമുദി ഏപ്രിൽ 22, 2022

## തീർപ്പാകാതെ നീളുന്ന കേസുകൾ

കോവിഡ് കാലത്ത് പല രംഗങ്ങളെയും പോലെ ജുഡീഷ്യറി മേഖലയും ഓൺലൈനിലേക്ക് മാറിയിരുന്നു. ഈ സമയം നടപടികൾ പൂർണ്ണമായും നിലച്ചില്ലന്നേയുള്ളൂ, ഇഴഞ്ഞാണ് നീങ്ങിയത്. കോവിഡിന് മുൻപുതന്നെ കേസുകൾ നീളുന്നത് സാധാരണമായിരുന്നു. കോവിഡ് പ്രതിസന്ധി കൂടിയപ്പോൾ അവസ്ഥ കൂടുതൽ ഗുരുതരമായി.

ഏപ്രിൽ ഒന്നുവരെയുള്ള കണക്കനുസരിച്ച് രാജ്യത്തെ 25 ഹൈക്കോടതികളിലായി 387 ജഡ്ജിമാരുടെ ഒഴിവാണ് നികത്തപ്പെടാതെ അവശേഷിക്കുന്നത്. നിയമനം വൈകുന്നത് കേസുകളുടെ തീർപ്പുകൾ നീളാൻ ഇടയാക്കുന്നു. രാജ്യത്തെ ഹൈക്കോടതികളിൽ 58 ലക്ഷത്തോളം കേസുകൾ കെട്ടിക്കിടക്കുന്നതായി കേന്ദ്ര നിയമമന്ത്രി ലോക്സഭയിൽ വെളിപ്പെടുത്തി. കേസുകൾ തീർപ്പാകാതെ നീളുന്നതിന് കോടതികളെ മാത്രം കുറ്റം പറയാനാവില്ല. ജഡ്ജിമാരുടെ എണ്ണക്കുറവാണ് മുഖ്യകാരണങ്ങളിലൊന്ന്. ഇടക്കാല സ്റ്റേകളും ഉത്തരവുകളും കേസുകൾ നീളാൻ കുറച്ചൊന്നുമല്ല ഇടയാക്കുന്നത്. കേസുകളിൽ ഹാജരായാലും പല കാരണങ്ങളാലും മാറ്റിവയ്ക്കാൻ ഭൂരിപക്ഷം അഭിഭാഷകരും ശ്രമിക്കാറുള്ളത് മറ്റൊരു പ്രധാന കാരണമാണ്. രേഖകൾ സമയബന്ധിതമായി ലഭിക്കാതിരിക്കുക, സാക്ഷികളെ ഹാജരാക്കാൻ വൈകുക, മുഖ്യകേസുകളുമായി ബന്ധപ്പെട്ട് അനുബന്ധ കേസുകൾ വർദ്ധിക്കുക തുടങ്ങിയവയും കാരണങ്ങളാണ്. കോടതിയും പ്രോസിക്യൂഷനും അഭിഭാഷകരും ഒരുപോലെ ശ്രമിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ പരിഹാരത്തിനുള്ള വഴി തെളിയൂ. പുതിയ സാങ്കേതിക രീതികൾ കടന്നുവരാൻ തടസ്സമാകുന്ന പഴയ തലമുറയിലുള്ളവരുടെ നിലപാട് മാറുകയും വേണം.

കേരളകൗമുദി ഏപ്രിൽ 27, 2022

## നാണം കെടുത്തുന്ന സർവകലാശാലകൾ

പരീക്ഷകളുമായി ബന്ധപ്പെട്ട് നമ്മുടെ സർവകലാശാലകൾ കാണിക്കുന്ന വികൃതികൾ സംസ്ഥാനത്ത് ഒരൊറ്റ സർവകലാശാല ഉണ്ടായ കാലം മുതലേ സാധാരണമായിരുന്നു. സർലകലാശാലകൾ പലതു വരികയും വർഷത്തിൽ എല്ലാ ദിവസവും ഏതെങ്കിലുമൊക്കെ പരീക്ഷ നടക്കുകയും ചെയ്യുന്ന ഇക്കാലത്ത് പരീക്ഷകളിലെ ക്രമക്കേടുകളും പരീക്ഷാ നടത്തിപ്പിലെ പാളിച്ചകളും സർവസാധാരണമായിക്കഴിഞ്ഞു.

രാജ്യവ്യാപകമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായ പല പരിഷ്കാരങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സർവകലാശാലകളും അതിന്റെ ഭാഗമാകേണ്ടതാണ്. എന്നാൽ പരീക്ഷകൾ നേരേ ചൊവ്വേ നടത്താനറിയാത്ത അവർ ഈ വിദ്യാഭ്യാസ വിപ്ലവത്തിൽ എങ്ങനെയാണ് വിദ്യാർത്ഥികൾക്ക് പുതിയ പാതകളൊരുക്കാൻ പോകുന്നതെന്ന് സന്ദേഹത്തോടെയാണു കാണേണ്ടത്. കുട്ടികളോട് യാതൊരു ഉത്തരവാദിത്വവുമില്ലാതെ തീർത്തും അലക്ഷ്യമായി പരീക്ഷാവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവരെ താത്കാലികമായി അത്തരം ചുമതലകളിൽനിന്നു മാറ്റിനിറുത്തിയതുകൊണ്ട് ഫലമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഈ രംഗത്തുള്ള മറ്റുള്ളവർക്കുകൂടി മാതൃകയാകത്തക്ക വിധം ശിക്ഷാനടപടികളെടുത്താലേ കാര്യങ്ങൾ നേരെയാവൂ. പരീക്ഷാവിഭാഗത്തിൽ നിന്നുണ്ടാകുന്ന ചെറിയ വീഴ്ചപോലും അനേകം കുട്ടികളെ ദോഷകരമായി ബാധിക്കും. ചോദ്യക്കടലാസ് തയ്യാറാക്കുന്നതു മുതൽ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം വരെയുള്ള വിവിധ ഘട്ടങ്ങൾ തികഞ്ഞ ഗൗരവത്തിലും അവധാനതയോടെയും ചെയ്യേണ്ട കാര്യങ്ങളാണ്. അതിലുണ്ടാകുന്ന പിഴവുകൾ പരീക്ഷാ സംവിധാനത്തെതന്നെയാണ് തകർക്കുന്നത്.

മലയാള മനോരമ ഏപ്രിൽ 28, 2022

## കാലാതീതമായ ഗുരുപ്രസാദം

യുഗപ്രഭാവനായ ശ്രീനാരായണ ഗുരു നൽകിയ സമത്വത്തിന്റെയും ഒരുമയുടെയും മഹനീയദർശനങ്ങൾ നമ്മുടെ കാൽവയ്പുകൾക്ക് ഇന്നും ദൃഢമായ ലക്ഷ്യബോധം പകർന്നുകൊണ്ടിരിക്കുന്നു. സാമൂഹിക ജീവിതത്തിലും വിജ്ഞാന സമ്പാദനത്തിലും രാഷ്ട്രചിന്തകളിലുമൊക്കെ കേരളം നേടിയ മേൽക്കൈകൾ ഗുരുസന്ദേശങ്ങളുടെ പവിത്രജ്വാലയിൽ ഊതിക്കാച്ചിയെടുത്തതാണ്. കാലത്തിനു മുൻപേ നടന്ന ഗുരുവിന്റെ ദർശനങ്ങളുടെയടക്കം ഫലസ്വരൂപമാണ് ഇന്നു കാണുന്ന ഇന്ത്യ എന്നു പ്രധാനമന്ത്രി  പറഞ്ഞത് ആ മഹനീയതയ്ക്കുള്ള ഉചിതമായ ആദരമായിത്തീരുന്നു. ഭേദങ്ങളും ദ്വേഷങ്ങളുമല്ല സമഭാവനയും സാഹോദര്യവുമാണ് ഒരു ജനത സ്വീകരിക്കേണ്ട ഹൃദയമന്ത്രമെന്ന ഗുരുസന്ദേശം എക്കാലത്തും നമുക്കു വഴിവെളിച്ചം പകരുന്നതാണ്.

ഗുരുവിന്റെ സന്ദേശങ്ങൾ ജീവിതത്തിൽ പകർത്തിയാൽ ലോകത്തിലെ ഒരു ശക്തിക്കും ഇന്ത്യയെ തോൽപ്പിക്കാനാവില്ലെന്നു പ്രധാനമന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. അനാചാരങ്ങൾക്കും അസമത്വത്തിനുമെതിരെ പോരാടിയ ശ്രീനാരായണ ഗുരു ഇന്ത്യയ്ക്ക് അതിന്റെ യഥാർത്ഥ മുഖമാണു പരിചയപ്പെടുത്തിയത്. 'ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ഗുരുമന്ത്രം ആഴത്തിലറിയുമ്പോൾ ആത്മനിർഭര ഭാരതത്തിന്റെ മാർഗവും അതാണെന്നു തിരിച്ചറിയാം. നമുക്ക് ഒരു ജാതിയേ ഉള്ളൂ, അതു ഭാരതീയതയാണ്. ഒരു മതമേയുള്ളൂ, അതു രാജ്യസേവനമാണ്. ഒരു ഈശ്വരനേയുള്ളൂ, അതു ഭാരതമാതാവാണ് എന്നും പ്രധാനമന്ത്രി പറയുകയുണ്ടായി. എല്ലാ വിഭിന്നതകൾക്കുമപ്പുറത്തു മനുഷ്യൻ ഒരുമയോടെ, ഏകമനസ്സോടെ, സാഹോദര്യത്തോടെ നിലകൊള്ളണമെന്ന് ഓർമിപ്പിക്കുന്നതാണ് ഈ കാലം. അതുകൊണ്ടുതന്നെ ഗുരുസന്ദേശങ്ങൾ ഇപ്പോൾ കൂടുതൽ പ്രസക്തമാകുന്നു. അവ ആത്മപരിശോധനയിലേക്കും നവീകരണത്തിലേക്കും നമ്മെ നയിക്കട്ടെ.

## എച്ച്ഡിഎഫ്സിയും എച്ച്ഡിഎഫ് സി ബാങ്കും ഒന്നാവുന്നു

രാജ്യത്തെ ഏറ്റവും വലിയ ഹൗസിങ് ഫിനാൻസ് കമ്പനിയായ എച്ച്ഡിഎഫ്സി ലിമിറ്റഡിനെ ഏറ്റവും വലിയ സ്വകാര്യ ബാങ്ക് ആയ എച്ച്ഡിഎഫ്സിയിൽ ലയിപ്പിക്കുന്നു. റിസർവ് ബാങ്കിന്റെയും മറ്റ് നിയന്ത്രണ സംവിധാനങ്ങളുടെയും അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ലയനമെന്ന് എച്ച്ഡിഎഫ്സി ബാങ്ക് അറിയിച്ചു.

എച്ച്ഡിഎഫ്സി ബാങ്കിന്റെ 42 ഷെയറുകൾ എച്ച്ഡിഎഫ്സിയുടെ 25 ഷെയറുകൾക്കു തുല്യമായിരിക്കും എന്ന അനുപാതത്തിലാണ് ലയനമെന്ന് റെഗുലേറ്ററി ഫയലിങ്ങിൽ പറയുന്നു. ഓഡിറ്റ് കമ്മിറ്റി ശുപാർശകളുടെയും സ്വതന്ത്ര ഡയറക്ടർമാരുടെ സമിതിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലയിക്കാനുള്ള തീരുമാനം.

## സിറ്റി ഗ്രൂപ്പിനെ ആക്സിസ് ബാങ്ക് ഏറ്റെടുക്കുന്നു

ക്രെഡിറ്റ് കാർഡ്, റീട്ടെയിൽ ബാങ്കിംഗ്, കൺസ്യൂമർ ലോൺ, വെൽത്ത് മാനേജ്മെന്റ് എന്നിവയുൾപ്പെടെ സിറ്റി ഗ്രൂപ്പിന്റെ ഇന്ത്യയിലെ ഉപഭോക്തൃ ബാങ്കിംഗ് ബിസിനസ്സ് 12,325 കോടി രൂപയ്ക്ക് ഏറ്റെടുക്കുന്നതായി ആക്സിസ് ബാങ്ക്.

സിറ്റി ബാങ്ക് ഇന്ത്യയുടെ ഏകദേശം 30 ലക്ഷം ഉപഭോക്താക്കളെ ആക്സിസ് ബാങ്ക് ഏറ്റെടുക്കുന്നതിലൂടെ ക്രെഡിറ്റ് കാർഡ് പോർട്ട്ഫോളിയോയിൽ വളർച്ച നേടാൻ സാധിക്കും.

## ന്യൂജെൻ സോഫ്റ്റ്‌വെയറിന് പുതിയ ലോഗോ

newgen

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പ്ലാറ്റ്ഫോമിന്റെ ആഗോള ദാതാക്കളായ ന്യൂജെൻ സോഫ്റ്റ്‌വെയർ, മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം അതിന്റെ ബ്രാൻഡ് ഐഡന്റിറ്റി പുതുക്കി. ഉപഭോക്തൃ കേന്ദ്രീകരണം, സൗഹൃദം, ചലനാത്മകത, ചടുലത, കണക്ഷൻ, പരിവർത്തനം എന്നിവയെ പ്രതീകപ്പെടുത്തുന്ന ഒരു പുതിയ ലോഗോ പുറത്തിറക്കി. പുതിയ ബ്രാൻഡ് ഐഡന്റിറ്റി ഒരു വിശ്വസനീയമായ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പ്ലാറ്റ്ഫോം ദാതാവ് എന്ന സ്ഥാനം ആവർത്തിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നുവെന്ന് കമ്പനി ഒരു പത്രക്കുറിപ്പിൽ പറഞ്ഞു.

## പരസ്യങ്ങൾ ട്വിറ്റർ നിരോധിച്ചു

കാലാവസ്ഥാ വ്യതിയാനത്തിന്റെ യാഥാർത്ഥ്യം നിഷേധിക്കുന്ന പരസ്യങ്ങൾ ട്വിറ്റർ നിരോധിച്ചു. ശതകോടീശ്വരൻ എലോൺ മസ്കിന്റെ അനാവശ്യമായ ഏറ്റെടുക്കൽ ബിഡ് തടയാൻ ശ്രമിക്കുന്നതിനിടയിലാണ് ഭൗമദിനത്തിൽ ട്വിറ്ററിന്റെ പ്രഖ്യാപനം വന്നത്.

'ഞങ്ങളുടെ അനുചിതമായ ഉള്ളടക്ക നയത്തിന് അനുസൃതമായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ശാസ്ത്രീയ സമവായത്തിന് വിരുദ്ധമായ ട്വിറ്ററിലെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിരോധിച്ചിരിക്കുന്നു,' ട്വിറ്റർ ഗ്ലോബൽ സസ്റ്റൈനബിലിറ്റി മാനേജർ കേസി ജുനോദ് ഒരു ബ്ലോഗ് പോസ്റ്റിൽ പറയുന്നു.

## ഫാർമിസോയെ മീഷോ റീബ്രാൻഡ് ചെയ്യുന്നു

സോഷ്യൽ കൊമേഴ്സ് യൂണികോൺ മീഷോ തങ്ങളുടെ പലചരക്ക് ബിസിനസ്സിനെ അതിന്റെ പ്രധാന ആപ്ലിക്കേഷനുമായി സമന്വയിപ്പിക്കുന്നു. കോർ ആപ്ലിക്കേഷനുമായുള്ള സംയോജനം 2022 മെയ് ആദ്യ വാരത്തോടെ നടത്തുവാനും 2022 അവസാനത്തോടെ 12 സംസ്ഥാനങ്ങളിലേക്ക് പലചരക്ക് ഓഫറുകൾ സ്കെയിൽ ചെയ്യാനും കമ്പനി പദ്ധതിയിടുന്നു. ഓൺലൈൻ പലചരക്ക് വിപണി ഈ മേഖലയിലേക്ക് കടന്നുകയറുന്നതോടെ FMCG വാണിജ്യം കടുത്ത മത്സരത്തിന് സാക്ഷ്യം വഹിക്കും.

മീഷോ സൂപ്പർസ്റ്റോർ നിലവിൽ പുതിയ പഴങ്ങൾ, പച്ചക്കറികൾ, പലചരക്ക് സാധനങ്ങൾ, ഹോം കെയർ, പാക്കേജുചെയ്ത ഭക്ഷണം എന്നിങ്ങനെയുള്ള വിഭാഗങ്ങളിലായി 500 ഉൽപ്പന്നങ്ങൾ നൽകുന്നു. ഈ സംയോജനം ഇപ്പോൾ കമ്പനിയുടെ 100 ദശലക്ഷത്തിലധികം മീഷോ ഉപയോക്താക്കൾക്ക് ഒരൊറ്റ പ്ലാറ്റ്ഫോമിൽ 36ൽ അധികം വിഭാഗങ്ങളിലായി 87 ദശലക്ഷത്തിലധികം സജീവ ഉൽപ്പന്നങ്ങളുടെ ലഭ്യത നൽകും.



മാധ്യമപ്രവർത്തന രംഗത്ത് 20 വർഷം പൂർത്തിയാക്കിയ റഹിം പനവൂരിനെ സംസ്ഥാന മദ്യവർജന സമിതിയുടെയും ഫ്രീഡം ഫിഫ്റ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് സംസ്ഥാന ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ പൊന്നാട ചാർത്തി ആദരിക്കുന്നു.

# പെപ്സികോ ഇന്ത്യ ഡബ്ല്യുപിപിയുമായുള്ള പങ്കാളിത്തം അവസാനിപ്പിക്കുന്നു

ബിവറേജസ് ആൻഡ് സ്നാക്ക്സ് നിർമ്മാതാക്കളായ പെപ്സികോ ഇന്ത്യ, WPP ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള Wunderman Thompson, Mindshare എന്നിവയുൾപ്പെടെയുള്ള പരസ്യ, മീഡിയ വാങ്ങൽ ഏജൻസികളുടെ മുഴുവൻ ശൃംഖലയും മാറ്റുന്നു. ലോകത്തിലെ ഏറ്റവും വലിയ പരസ്യ ഗ്രൂപ്പായ ഡബ്ല്യുപിപിയും പെപ്സി ഇന്ത്യയും തമ്മിലുള്ള മൂന്ന് പതിറ്റാണ്ടോളം നീണ്ട ബന്ധം ഇതോടെ അവസാനിച്ചു. WPP ഗ്രൂപ്പ് ഏജൻസികൾ പെപ്സികോയെ പ്രതിനിധീകരിക്കുന്ന ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

പെപ്സി, മൗണ്ടൻ ഡ്യൂ ഡ്രിങ്ക്സ് ആൻഡ് ലെയ്സ് സ്നാക്ക്സിന്റെ നിർമ്മാതാക്കളായ പെപ്സികോ, പരസ്യങ്ങൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നവരിൽ ഒന്നാണ്. തുടർച്ചയായ രണ്ട് കോവിഡ് -19 വേനൽക്കാലങ്ങൾക്ക് ശേഷം കമ്പനികൾ പരസ്യവും വിപണനവും ശക്തമാക്കുന്ന നിർണായകമായ സീസണിലാണ് ഈ മാറ്റം.

# ഗ്ലോറോഡിനെ ആമസോൺ ഏറ്റെടുക്കുന്നു

ഇ-കൊമേഴ്സ് ഭീമനായ ആമസോൺ വെളിപ്പെടുത്താത്ത തുകയ്ക്ക് സോഷ്യൽ കൊമേഴ്സ് സ്റ്റാർട്ടപ്പായ ഗ്ലോറോഡിനെ ഏറ്റെടുത്തു. 2025-ഓടെ 10 ദശലക്ഷം പ്രാദേശിക ഇന്ത്യൻ ബിസിനസുകൾ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റാൻ ഈ ഏറ്റെടുക്കൽ സഹായിക്കുമെന്ന് കമ്പനി പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയെ ഡിജിറ്റൈസ് ചെയ്യാനും ഉപഭോക്താക്കളെയും സൂക്ഷ്മസംരംഭകരെയും വിൽപ്പനക്കാരെയും സന്തോഷിപ്പിക്കാനും ആമസോൺ പുതിയ വഴികൾ പര്യവേക്ഷണം ചെയ്യുന്നത് തുടരുകയാണ്.

# സി.ബി.ഷിബുവിന് ബഹുമതി





ഏഥൻസിലെ ഡാഫ്നി-യ്മിട്ടോസ് മുൻസിപ്പാലിറ്റിയുടെ 9-ാമത് ഇന്റർനാഷ്ണൽ കാർട്ടൂൺ എക്സിബിഷനിൽ ചിത്രകാരൻ സി.ബി .ഷിബുവിന് മെറിറ്റ് അവാർഡ്. ലോകത്ത്നിന്ന് പത്ത് പേർക്കാണ് ഈ അംഗീകാരം. ഇന്ത്യയിൽ നിന്ന് ഷിബുവിന് മാത്രം. പരിസ്ഥിതിയും കാലാവസ്ഥാവ്യതിയാനവും ആയിരുന്നു വിഷയം. ഷിബുവിന്റെ 'വരൾച്ച' എന്ന വാട്ടർകളർ ചിത്രത്തിനാണ് ബഹുമതി. പ്രശസ്തിപത്രവും ഫലകവും ആൽബവുമാണ് ഷിബുവിന് ലഭിക്കുന്നത്. മെയ് 12 വരെ ഏഥൻസിൽ ചിത്രപ്രദർശനം ഉണ്ടാകും. ചിത്രകാരനും ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള കാർട്ടൂണിസ്റ്റുമാണ് സി.ബി. ഷിബു. ഇതിന് മുമ്പും ഒട്ടേറെ രാജ്യാന്തര പുരസ്കാരങ്ങൾ ഷിബു നേടിയിട്ടുണ്ട്.

# എഎൻഎസ് കൊമേഴ്സിനെ ഫ്ലിപ്കാർട്ട് ഏറ്റെടുക്കുന്നു

വാൾമാർട്ട് ഗ്രൂപ്പിന്റെ ഇ-കൊമേഴ്സ് സ്ഥാപനമായ ഫ്ലിപ്കാർട്ട്, രാജ്യത്തെ ഓൺലൈൻ റീട്ടെയിൽ ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിനായി ANS കൊമേഴ്സിനെ ഏറ്റെടുത്തു. ഏറ്റെടുക്കലിനുശേഷം ANS കൊമേഴ്സ് അതിന്റെ നിലവിലുള്ള നേതൃത്വ ടീമിന് കീഴിൽ ഒരു സ്വതന്ത്ര ഇ-കൊമേഴ്സ് സൊല്യൂഷൻ പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നത് തുടരുമെന്ന് ഫ്ലിപ്പ്കാർട്ട് പ്രസ്താവനയിൽ പറഞ്ഞു. ഫ്ലിപ്കാർട്ടിന്റെ ടെക് സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ പ്രോഗ്രാമായ ഫ്ലിപ്കാർട്ട് ലീപ്പിന്റെ ഭാഗമായാണ് ANS കൊമേഴ്സുമായുള്ള ബന്ധം തുടങ്ങിയത്.

# പരസ്യമേഖലയുടെ വരുമാനം EY-FICCI റിപ്പോർട്ട്

ഇന്ത്യൻ പരസ്യമേഖല 12 ശതമാനം വളരുമെന്നും 2024 ഓടെ ഒരു ലക്ഷം കോടി രൂപ വരുമാനത്തിൽ എത്തുമെന്നും വ്യവസായ സ്ഥാപനമായ ഫിക്കിയുടെയും കൺസൾട്ടൻസി സ്ഥാപനമായ ഇവൈയുടെയും സംയുക്ത റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യൻ മീഡിയ ആന്റ് എന്റർടൈൻമെന്റ് മേഖലയിലെ വരുമാനം 2021ൽ 16.4 ശതമാനം വർധിച്ച് 1.61 ലക്ഷം കോടി രൂപയായി (21.5 ബില്യൺ യുഎസ് ഡോളർ) ട്യൂണിംഗ് ഇൻ കൺസ്യൂമർ - ഇന്ത്യൻ എം&ഇ റിപ്പോർട്ട് പറയുന്നു.

2022ൽ എം ആൻഡ് ഇ മേഖല 17 ശതമാനം വളർച്ച നേടുമെന്ന് പ്രതീക്ഷിക്കുന്നു. 2024 ആകുമ്പോഴേക്കും 30.9 ബില്യൺ. ടെലിവിഷൻ ഏറ്റവും വലിയ സെഗ്മെന്റായി തുടർന്നുവെങ്കിലും, ഡിജിറ്റൽ മീഡിയ ശക്തമായ രണ്ടാം സെഗ്മെന്റായി അതിന്റെ സ്ഥാനം ഉറപ്പിച്ചു, തുടർന്ന് പ്രിന്റ് മീഡിയയും.

# വിസ്ത റൂംസ് സ്റ്റേവിസ്റ്റയിലേക്ക് റീബ്രാൻഡ് ചെയ്യുന്നു

STAY VISTA
Script Your Stay

വില്ല റെന്റൽ പ്ലാറ്റ്ഫോമായ വിസ്ത റൂംസ്, സ്റ്റേവിസ്റ്റ എന്ന് പുനർനാമകരണം ചെയ്തു. ഉപയോക്തൃ അനുഭവത്തിന്റെയും ബ്രാൻഡ് ഐഡന്റിറ്റിയുടെയും സമഗ്രമായ നവീകരണത്തിലൂടെ മാറിക്കൊണ്ടിരിക്കുന്ന വിപണി ചലനാത്മകത നിറവേറ്റുകയാണ് റീബ്രാൻഡ് ലക്ഷ്യമിടുന്നതെന്ന് സ്റ്റേവിസ്റ്റ പറഞ്ഞു.

വെബ്സൈറ്റും സോഷ്യൽ മീഡിയയും ഉൾപ്പെടെ ബ്രാൻഡ് സ്പിരിറ്റ് പ്രകടമാക്കുന്നതിന് എല്ലാ പോയിന്റുകളും ഇത് നവീകരിച്ചു.

## മൂവിമാക്സ് ബ്രാൻഡുമായി സിനിലൈൻ

കനകിയ ഗ്രൂപ്പിന്റെ ഭാഗമായ സിനിലൈൻ ഇന്ത്യ ലിമിറ്റഡ്, മൂവി മാക്സ് ബ്രാൻഡിന് കീഴിൽ മഹാരാഷ്ട്രയിലുടനീളം ഒമ്പത് തിയറ്ററുകൾ ആരംഭിച്ചുകൊണ്ട് ഫിലിം എക്സിബിഷൻ ബിസിനസ്സിലേക്കുള്ള തിരിച്ചുവരവ് പ്രഖ്യാപിച്ചു. മൂവി മാക്സ് ബ്രാൻഡ്. സിനിമാക്സ് എന്ന ബ്രാൻഡിൽ 1997 മുതൽ ഈ ബിസിനസ്സിൽ സാന്നിധ്യമുണ്ടായിരുന്ന കമ്പനി അടുത്തിടെ മൂവിമാക്സ് എന്ന് സ്വയം ബ്രാൻഡ് ചെയ്തു.

കനകിയ ഗ്രൂപ്പ് ചെയർമാൻ രസേഷ് കനകിയ പറഞ്ഞു: ''ചലച്ചിത്ര പ്രദർശന വ്യവസായത്തിൽ ഞങ്ങൾക്ക് വളരെ ശക്തമായ ചരിത്രമുണ്ട്, ശക്തനും പരിചയസമ്പന്നനുമായ കളിക്കാരനായി ഗെയിമിലേക്ക് തിരിച്ചുവരാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടെ പ്രേക്ഷകർക്ക് പ്രീമിയം അനുഭവം നൽകുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഉപഭോക്തൃ-അധിഷ്ഠിത സേവനമായി ഞങ്ങളുടെ ബ്രാൻഡ് നിർമ്മിക്കുകയാണ്. മഹാരാഷ്ട്രയിൽ ശക്തമായ ചുവടുപിടിച്ചുകൊണ്ട്, ഇന്ത്യയിലുടനീളം വ്യാപിപ്പിക്കാനുള്ള അവസരങ്ങൾ ഞങ്ങൾ തേടും.''

## your-space പുതിയ ബ്രാൻഡ് ഐഡന്റിറ്റി

സ്റ്റുഡന്റ് ഹൗസിംഗ് ബ്രാൻഡ് യുവർ-സ്പേസ് സ്വയം പുനർനാമകരണം ചെയ്യുകയും ഒരു പുതിയ ബ്രാൻഡ് ഐഡന്റിറ്റി അനാവരണം ചെയ്യുകയും ചെയ്തു. സൗകര്യം, ആരോഗ്യം, സുരക്ഷ, സമൂഹം എന്നിവയുൾപ്പെടെ വിദ്യാർത്ഥികളുടെ ഭവനത്തിന്റെ നാല് പ്രധാന ഘടകങ്ങൾ പ്രദർശിപ്പിക്കാൻ ബ്രാൻഡ് ശ്രമിച്ചു. റീബ്രാൻഡിംഗ് പ്രവർത്തനത്തിന്റെ ഭാഗമായി ബ്രാൻഡ് അതിന്റെ വെബ്സൈറ്റിനും മൊബൈൽ ആപ്ലിക്കേഷനും ഒരു പുതിയ രൂപം നൽകി.

## നടൻ പ്രേംകുമാറിന് പുരസ്കാരം



കലാഭവൻ മണി സേവന സമിതിയും അറേബ്യൻ ഫാഷൻ ജ്വല്ലറിയും സംയുക്തമായി സംഘടിപ്പിച്ച നിറവ് ചടങ്ങിൽ വെച്ച് സംസ്ഥാന ചലച്ചിത്ര അക്കാദമി വൈസ് ചെയർമാനും ചലച്ചിത്ര താരവുമായ പ്രേംകുമാറിന് പുരസ്കാരം നൽകി ആദരിച്ചു. സമിതിയുടെ ആറ്റിങ്ങൽ ഓഫീസിൽ നടന്ന ചടങ്ങിൽ ചെയർമാൻ അജിൽ മണിമുത്ത് പുരസ്കാരം സമ്മാനിച്ചു.

## സിസിഐ വിധിക്കെതിരായ ആമസോണിന്റെ ഹർജിയിൽ എൻസിഎൽഎടി ഉത്തരവിറക്കി

ഫ്യൂച്ചർ കൂപ്പണുകളുമായുള്ള ഇ-കൊമേഴ്സിന്റെ ഡീലിനുള്ള അംഗീകാരം താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള സിസിഐയുടെ തീരുമാനത്തെ ചോദ്യം ചെയ്യുന്ന ആമസോണിന്റെ ഹർജിയിൽ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണൽ (NCLAT) ഉത്തരവിറക്കി. കഴിഞ്ഞ വർഷം ഡിസംബറിൽ, ഫ്യൂച്ചർ കൂപ്പൺസ് പ്രൈവറ്റ് ലിമിറ്റഡിന്റെ 49% ഓഹരികൾ ഏറ്റെടുക്കുന്നതിനുള്ള ആമസോണിന്റെ കരാറിന് 2019 ൽ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (സിസിഐ) നൽകിയ അനുമതി താൽക്കാലികമായി നിർത്തിവച്ചു. അന്നത്തെ ഇടപാടിന് ക്ലിയറൻസ് തേടുന്നതിനിടയിൽ ആമസോൺ വിവരങ്ങൾ മറച്ചുവെച്ചതായും 2000 കോടി രൂപ പിഴ ചുമത്തിയതായും റെഗുലേറ്റർ പറഞ്ഞിരുന്നു. ഫ്യൂച്ചർ റീട്ടെയിൽ ലിമിറ്റഡിന്റെ (FRL) പ്രൊമോട്ടറാണ് FCPL. 24,713 കോടി രൂപയുടെ ഇടപാടിന്റെ ഭാഗമായി റിലയൻസ് റീട്ടെയിലിന് ആസ്തികൾ വിൽക്കാനുള്ള എഫ്ആർഎല്ലിന്റെ കരാറിനെ ആമസോൺ എതിർത്തിരുന്നു, അതാണ് ഇപ്പോൾ പിൻവലിച്ചത്.


## ബ്യൂട്ടി ബ്രാൻഡായ ന്യൂസ്കിനുമായി ഇൻഫോസിസ്

ഉപഭോക്താക്കൾക്കും അഫിലിയേറ്റുകൾക്കും നല്ല അനുഭവങ്ങൾ നൽകുന്നതിന് ഇൻഫോസിസ് ഇക്വിനോക്സ് ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്ന ബ്യൂട്ടി ആൻഡ് വെൽനസ് ബ്രാൻഡായ ന്യൂ സ്കിൻ എന്റർപ്രൈസസുമായുള്ള സഹകരണം ഇൻഫോസിസ് പ്രഖ്യാപിച്ചു. ഒരു എക്സ്ചേഞ്ച് ഫയലിംഗ് അനുസരിച്ച്, വ്യക്തിഗതവും നൂതനവുമായ ഉപഭോക്തൃ ഇടപഴകൽ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇൻഫോസിസ് ഇക്വിനോക്സ് ന്യൂസ്കിന്നിനെ സഹായിക്കും. വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, സ്മാർട്ട് കണക്റ്റുചെയ്ത ഉപകരണങ്ങൾ എന്നിവയുൾപ്പെടെ ഒന്നിലധികം ടച്ച് പോയിന്റുകളിലുടനീളം ആകർഷകമായ ഷോപ്പിംഗ് അനുഭവങ്ങൾ നൽകാൻ Nu Skin പദ്ധതിയിടുന്നു, ഫയലിംഗ് കൂട്ടിച്ചേർത്തു.

ഇൻഫോസിസ് ഇക്വിനോക്സ് ന്യൂ സ്കിൻ വാണിജ്യം, ഓഗ്മെന്റഡ് റിയാലിറ്റി, വോയ്സ് കൊമേഴ്സ് എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ മുന്നേറ്റങ്ങൾ ഇതിലൂടെ സാദ്ധ്യമാക്കുവാൻ പ്രതീക്ഷിക്കുന്നു.

around us

A.SATHEESH




Printed, Published and Owned by Mathew K., Effective Publications, Mulamoottil Building, Cathedral Road, Manorama South, Kottayam - 686 001 Kerala. and Printed at Southern Printing House, Sastri Road Extn., Mugal Palace Building, Collectorate P.O., Kottayam - 686 002, Kerala.

# Take all these in a Platter




**We give you more than what you can chew**

Read **Business News** to learn & earn RICH dividends from the financial market.Become a Maestro of Finance through **Business News**. We guide those who got misguided, to the right path.

**Subscribe today or grab a copy from your nearest book stall**

**BUSINESS NEWS**

Since 2000

Call us at 0491 2546490, 9539009313 or mail at businessnewspkd@gmail.com

EFFECTIVE ADCOM 2022 May Date of publication 01/05/2022
RNI Reg. No. KERBIL/2014/64776, Registered. Reg. No. KL/KTM/113/2019-21, Price: Rs. 50/-

# Quickerala ഉണ്ടെങ്കിൽ കാര്യം നിസ്സാരം

Your Search | Location | SEARCH

എന്ത് ബിസിനസ്സ് നടത്തുന്നവരുടേയും കോൺടാക്റ്റ്
ഡീറ്റെയിൽസിനായി ലോഗോൺ ചെയ്യൂ

അല്ലെങ്കിൽ app ഡൗൺലോഡ് ചെയ്യൂ

Download from Windows Store | ANDROID APP ON Google play | Available on the App Store

Quickerala.com
*Kerala's largest online business directory*

Customer Care : 04812222222
mail: support@quickerala.com